# ഗിരിദീപം

മെയ് 2024



മെയ് 09 സ്വർഗ്ഗാരോഹണത്തിരുന്നാൾ

'അനുഗ്രഹിച്ചുകൊണ്ടിരിക്കേ ഈശോ അവരിൽനിന്നു മറയുകയും
സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു.'
(ലൂക്കാ 24 : 51)



ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച്
2024 ഏപ്രിൽ 13 ന് നടന്ന
**തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ**



തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികൾ 2024 ഏപ്രിൽ 25 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഹെവ്പദിയാക്കോനൂസാ, കാറോയൂസാ പട്ടങ്ങൾ സ്വീകരിച്ചു.

മെയ് 2024

വാല്യം 07
ലക്കം 05

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 152/2024, Circular No. 06/2024 ............ 05
2. Prot. No. 173/2024, Circular No. 07/2024 ............ 08
3. കച്ചേരിക്കാര്യം ............ 13
4. Prot. No. 170/2024 വിജ്ഞാപനം ............ 19
5. പാസ്റ്ററൽ കൗൺസിൽ യോഗ റിപ്പോർട്ട് ............ 20
6. സെമിനാരി വാർത്തകൾ ............ 23
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ............ 25
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ............ 30
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............ 33
   തിരുബാലസഖ്യം ............ 38
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............ 40
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ............ 43
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ............ 49
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ............ 54
    സാൻജോസ് അക്കാദമി ............ 56
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    കുടുംബക്കൂട്ടായ്മ ............ 58
    ADAM ............ 60
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............ 62
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ............ 64
    ബയോ മൗണ്ടൻ ഫാർമേഴ്സ് ............ 67
15. ധ്യാനകേന്ദ്രങ്ങളിലൂടെ ............ 69
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 70
17. Engagements - May (Archbishop Mar Joseph Pamplany) ............ 75
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 76
19. Engagements - May (Archbishop Mar George Njaralakatt) ............ 79
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 80
21. Engagements - May (Archbishop Mar George Valiamattam) ............ 82

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 152 /2024, Circular No. 06/2024

## അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ നാമകരണം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരെ,

1953 ഡിസംബർ 31 ന് തലശ്ശേരി അതിരൂപത സ്ഥാപിതമായതുമുതൽ 1989 ഫെബ്രുവരി 18-ാം തീയതി വിരമിക്കുന്നതുവരെ നമ്മെ നയിച്ച മലബാറിന്റെ മോസ്സസ് എറിയപ്പെടുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളേപ്പിള്ളി പിതാവ് ദിവംഗതനായിട്ട് 2024 ഏപ്രിൽ 04 ന് 18 വർഷം പൂർത്തിയായി. ഭാരതപ്പുഴയ്ക്കിക്കരെ സീറോ മലബർ സഭ ഇന്നു കാണുംവിധം വളർന്നതിന്റെ പിന്നിൽ അഭിന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകൾ സമാനതകളില്ലാത്തതാണ്. യുഗപ്രഭാവനും മലബാറിന്റെ ശില്പിയുമായ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ധീരമായ നേതൃത്വമാണ് തലശ്ശേരി അതിരൂപതയുടെ വളർച്ചയ്ക്ക് അടിസ്ഥാനമിട്ടത്. തലശ്ശേരി രൂപത 1973 ൽ വിഭജിക്കപ്പെട്ട് മാനന്തവാടി രൂപതയും 1986 ൽ താമരശ്ശേരി രൂപതയും പിന്നീട് ബൽത്തങ്ങാടി, മാണ്ഡ്യ, ഭദ്രാവതി രൂപതകളും സ്ഥാപിതമായി. കഴിഞ്ഞ 70 വർഷങ്ങൾക്കിടയിൽ തലശ്ശേരി അതിരൂപത കൈവരിച്ച വളർച്ച അത്ഭുതാവഹമാണ്. ഇന്ന് സീറോ മലബാർ സഭയിലെ ഏറ്റവും കൂടുതൽ സാമന്ത രൂപതകളുള്ള പ്രവിശ്യയായി തലശ്ശേരി അതിരൂപത നിലകൊള്ളുന്നു.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ജീവിതവിശുദ്ധി അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തോടൊപ്പം ദൈവ

ജനത്തിന്റെ ഇടയിൽ അംഗീകരിക്കപ്പെട്ടിരുന്നു. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് 2006 ഏപ്രിൽ 4 ന് ദിവംഗതനായി തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ സംസ്ക്കരിക്കപ്പെട്ടതോടെ തലശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയം ഒരു തീർത്ഥാടന ദൈവാലയമായി മാറിയിട്ടുണ്ട്. സൺഡേ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കബറിട തീർത്ഥാടനം നമ്മുടെ അതിരൂപതയിലെ എറ്റവും ജനപങ്കാളിത്തമുള്ള തീർത്ഥാടനമാണ്.

തലശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയം കുടിയേറ്റ കേന്ദ്രങ്ങളിൽ നിന്നും അല്പം അകലെയാണെങ്കിലും ധാരാളം ആളുകൾ പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിക്കുവാനായി എത്തുന്നുണ്ട്. അഭിവന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടി ആളുകൾ പ്രാർത്ഥിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രകടമായ ചില ദൈവീക ഇടപെടലുകൾ സംഭവിക്കുന്നതുമായ കാര്യങ്ങൾ വ്യക്തിപരമായി പലരും എന്നെ അറിയിക്കുകയും ചിലർ രേഖാമൂലം എഴുതി തരുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ കേരള സമൂഹത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്ന അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ജീവിതവിശുദ്ധി അദ്ദേഹത്തിന്റെ മരണശേഷം കൂടുതൽ തെളിഞ്ഞുവരികയാണ്.

വൈദികമേലദ്ധ്യക്ഷൻമാർ, വൈദികർ, സന്യാസിനികൾ, അൽമായർ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ഒട്ടനവധിയാളുകൾ വള്ളോപ്പിള്ളി പിതാവിന്റെ നാമകരണനടപടികൾ ആരംഭിക്കണമെന്ന് രേഖാമൂലവും അല്ലാതെയും ആവശ്യപ്പെട്ടുതുടങ്ങിയിട്ട് നാളുകൾ ഏറെയായി.

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിക്കുന്നതിനുമുമ്പായി അദ്ദേഹത്തിന്റെ ജീവിതം, വിശുദ്ധിയുടെ കീർത്തി, അദ്ദേഹം വഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ എന്നിവയെക്കുറിച്ച് അന്വേഷിച്ച് വിശദമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു മൂന്നംഗ കമ്മീഷനെ നിയമിക്കുകയാണ്. റവ. ഫാ. തോമസ് നീണ്ടൂർ (കൺവീനർ), റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഫാ. തോമസ് മാപ്പിളപറമ്പിൽ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.

പ്രസ്തുത കമ്മീഷന്റെ പഠനങ്ങളെയും അന്വേഷണങ്ങളെയും സഹായിക്കുവാൻ അഭിവന്ദ്യ മാർ വള്ളോപ്പിള്ളി പിതാവിനെയും അദ്ദേ

ഹത്തിന്റെ വീരോചിത പുണ്യങ്ങളെയുംകുറിച്ച് അറിവുള്ളവരും പിതാവിന്റെ മാദ്ധ്യസ്ഥ്യം വഴി അനുഗ്രഹം ലഭിച്ചിട്ടുള്ളവരും വിവരങ്ങൾ വിശദമായി കമ്മീഷന് അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വിവരങ്ങൾ അയച്ചുകൊടുക്കണ്ട വിലാസം**

ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
ആർച്ചുബിഷപ്സ് ഹൗസ്,
തലശ്ശേരി, പി.ബി. നമ്പർ 70 - 670 101

ദൈവം തിരുമനസ്സാകുന്നുവെങ്കിൽ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ വിശുദ്ധി ലോകം കൂടുതലായി അറിയപ്പെടാൻ ഇടയാകട്ടെ എന്ന് നമുക്ക് ആശിക്കാം. അഭിവന്ദ്യ വള്ളേപ്പിള്ളി പിതാവിന്റെ നാമകരണനടപടികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ അതിരൂപത പ്ലാറ്റിനം ജൂബിലിക്കുള്ള ഒരുക്കത്തിലാണല്ലോ. നല്ലവനായ ദൈവം നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ ✝ പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 ഏപ്രിൽ 04 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികദിനത്തിൽ നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 ഏപ്രിൽ 07-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 173 /2024, Circular No. 07/2024

## മതബോധന ഞായർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

അടുത്ത ഞായറാഴ്ച (ജൂൺ 02) മതബോധന ഞായറായി ആചരിച്ച് അതിരൂപതയിലെ 217 സൺഡേ സ്കൂളുകളിലെ മുഴുവൻ കുട്ടികളെയും ഈശോയ്ക്ക് സമർപ്പിച്ച് 2024-2025 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നമ്മൾ തുടക്കം കുറിക്കുകയാണ്. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസ പരിശീലനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈശോ നമുക്കു തന്ന ദൗത്യമാണ്: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചവ യെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). കർത്താവിന്റെ ഈ കൽപ്പന നമ്മുടെ ദൗത്യമായി സ്വീക രിച്ച് വരുംതലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുമ്പോൾ നമ്മളും ഈ ദൗത്യത്തിൽ പങ്കുകാരാകുന്നു. അതുകൊണ്ടാണ് "മതബോധനം ഇന്ന്" എന്ന സഭയുടെ ഔദ്യോഗിക പ്രബോ ധന രേഖയിൽ വിശ്വാസപരിശീലനത്തെ 'സഭയോളം പഴക്ക മുള്ള ശുശ്രൂഷയെന്ന്' വിശേഷിപ്പിക്കുന്നത് (Catechesis Tradendae, 1).

വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിത ചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു

വരണമെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേ തീരൂ. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരിശീലനവും തുടർന്നുള്ള വിശ്വാസപരിശീലന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. ദൈവത്തിന്റെ സ്നേഹപദ്ധതിയുടെ പ്രതിഫലനമാണ് ഓരോ കുടുംബവും. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹികസഭ' എന്നാണ് വിശേഷിപ്പിച്ചത്. കുട്ടികളെ നന്നേ ചെറുപ്പത്തിൽ ക്രിസ്തീയവിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് നയിക്കുക എന്ന കർത്തവ്യം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്. സാക്ഷരത പോലും സ്വന്തമാക്കാത്ത പഴയ തലമുറ അതു കൃത്യതയോടെ നിർവ്വഹിച്ചിരുന്നു. ആദിമാതാപിതാക്കളുടെ കഥകളും ഈശോയുടെ അത്ഭുത പ്രവൃത്തികളും കേട്ടുപരിചയിച്ച കുട്ടികളാണ് വിശ്വാസപരിശീലന ക്ലാസ്സുകളിൽ എത്തിയിരുന്നത്. അപ്പനും അമ്മയും വല്ല്യമ്മച്ചിയുമൊക്കെ പറഞ്ഞുകൊടുത്ത കഥകളെ വിശദീകരിക്കാനും വീട്ടിൽവച്ച് പഠിച്ച നമസ്ക്കാരങ്ങളുടെ അർത്ഥം വ്യക്തമാക്കാനുമാണ് വിശ്വാസ പരിശീലകർ ശ്രദ്ധിച്ചിരുന്നത്.

"മാതാപിതാക്കളാണ് മക്കളുടെ പ്രഥമ അധ്യാപകരും പ്രധാനാധ്യാപകരും (മതബോധനഗ്രന്ഥം, 1653)". വി. മദർ തെരേസ സാക്ഷ്യപ്പെടുത്തുന്നു: "എന്റെ വിശുദ്ധയായ അമ്മയുടെ മടിത്തട്ടായിരുന്നു എന്റെ പ്രാഥമിക വിദ്യാലയം. അവിടെനിന്നാണ് ഞാൻ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും അവിസ്മരണീയ പാഠങ്ങൾ പഠിച്ചത്". കേരളസഭയിലെ വലിയ വിശുദ്ധയായ അൽഫോൻസാമ്മ സാക്ഷ്യപ്പെടുത്തുന്നത് ശ്രദ്ധിക്കുക. "എന്റെ അപ്പൻ പ്രാർത്ഥിക്കുന്നത് കണ്ടാണ് ത്യാഗമനുഷ്ഠിച്ച് പ്രാർത്ഥിക്കാൻ ഞാൻ പഠിച്ചത്." മാതാപിതാക്കളുടെ സുകൃതങ്ങൾ മക്കൾ മാതൃകയായി കണ്ടുപഠിക്കുക മാത്രമല്ല അത് ഒരു ആത്മീയശക്തിയായി മക്കളിലേക്ക് ചൊരിയപ്പെടുകയും ചെയ്യും.

മാലാഖയായി ജനിക്കുന്ന ഒരു കുഞ്ഞ് ജീവിച്ചു പരാജയപ്പെട്ടാൽ അതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. 'ചെറുപ്പത്തിൽ തന്നെ മക്കളെ അവർ നടക്കേണ്ട വഴികൾ പഠിപ്പിക്കുവാൻ' (സുഭാ 22:6) മാതാപിതാക്കൾക്ക് കഴിയണം. മക്കൾ എപ്രകാരമാകുന്നു, എങ്ങനെ വളരുന്നു, ഏത് സ്വഭാവക്കാരാകുന്നു എന്നതിനെ ആശ്രയിച്ചിരിക്കും മാതാപിതാക്കളുടെ ഭാവി ജീവിതത്തിന്റെ സന്തോഷവും സുരക്ഷയും സമാധാനവും. അതുകൊണ്ട് കുട്ടികളുടെ മൂല്യബോധത്തിലുള്ള വളർച്ച, വിശ്വാസത്തിലുള്ള

തീക്ഷ്ണത, സഭയോടും സഭാജീവിതത്തോടുമുള്ള പ്രതിബദ്ധത ഇവയെല്ലാം കൃത്യവും വ്യക്തവുമാകാൻ മാതാപിതാക്കൾ പ്രത്യേക ശ്രദ്ധ കാണിക്കണം.

പ്രിയപ്പെട്ട മാതാപിതാക്കളെ, നിങ്ങളുടെ ഏറ്റവും ശ്രേഷ്ഠമായ ഉത്തരവാദിത്വം ദൈവം നിങ്ങൾക്കേൽപ്പിച്ചു തന്നിരിക്കുന്ന കുഞ്ഞുങ്ങളെ കൗദാശിക അടിത്തറയിൽ വളർത്തുക എന്നതാണ്. ഏറ്റവും പ്രധാനമായി വി. കുർബ്ബാന കേന്ദ്രീകൃതമായ ഒരു വിശ്വാസപരിശീലനത്തിന് നാം പ്രാധാന്യം കൊടുക്കണം. കുട്ടികളോടൊപ്പം മാതാപിതാക്കളും വി. ബലിയിൽ സംബന്ധിക്കണം. നമ്മുടെ മക്കളെ വി. കുർബ്ബാനയുടെ അനുഭവത്തിൽ വളർത്തുവാൻ സാധിക്കണം. കൂടാതെ, നമ്മുടെ കുടുംബങ്ങളിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും നിഷ്ഠകളും ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാത പ്രാർത്ഥന, ജപമാല, ബൈബിൾപാരായണം, കുമ്പസാരം, കുർബ്ബാന സ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

1976 ഓഗസ്റ്റ് 11-ന് വി. പോൾ ആറാമൻ മാർപാപ്പ മാതാപിതാക്കളോട് നടത്തിയ അഭ്യർത്ഥന ഹൃദയസ്പർശിയാണ്. അദ്ദേഹം ഇങ്ങനെ ചോദിച്ചു: "അമ്മമാരെ, നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർത്ഥനകൾ പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന വി. കുമ്പസാരം, ദിവ്യകാരുണ്യം, തൈലാഭിഷേകം എന്നീ കൂദാശകൾക്ക് വൈദികരോടൊത്തുചേർന്ന് നിങ്ങൾ അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കുമ്പോൾ പീഡകൾ സഹിച്ച ക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുവാനും പരിശുദ്ധ അമ്മയുടെയും വിശുദ്ധരുടെയും സഹായം തേടുവാനും നിങ്ങൾ അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങൾ ഒരുമിച്ച് ജപമാല പ്രാർത്ഥന ചൊല്ലാറുണ്ടോ? അല്ലയോ പിതാക്കന്മാരെ, നിങ്ങൾ മക്കളോടൊന്നിച്ച് പ്രാർത്ഥിക്കാറുണ്ടോ? ചിന്തയിലും പ്രവൃത്തിയിലും നിങ്ങൾ മക്കൾക്ക് സത്യസന്ധതയുടെ മാതൃകയാകാറുണ്ടോ? ഇങ്ങനെയാണ് നിങ്ങളുടെ കുടുംബത്തിന് നിങ്ങൾ സമാധാനമണയ്ക്കുന്നത്. നിങ്ങൾ സഭയെ കെട്ടിപ്പടുക്കുന്നത് അങ്ങനെയാണെന്ന് ഓർമ്മിക്കുക *(Familiaris Consortio, 60).*"

കുടുംബ പ്രാർത്ഥന ക്രൈസ്തവ കുടുംബത്തിന്റെ മുഖമുദ്രയാണ്. "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കും." എന്ന ആപ്ത വാക്യം വളരെ അർത്ഥവത്തായിട്ടുള്ളതാണ്.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വേദിയാണ് സൺഡേസ്കൂളുകൾ. 1 മുതൽ 12-ാം ക്ലാസ്സുവരെ നീണ്ടു നിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. പല മാതാപിതാക്കളും ചോദിക്കാറുണ്ട്. "വേദപാഠം പഠിച്ചിട്ട് എന്തുഗുണം." ഏതെങ്കിലും ഭൗതിക നേട്ടത്തിനായല്ല, മറിച്ച് നമ്മുടെ മക്കളെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ആഴപ്പെടുത്തുക എന്നതാണ് വിശ്വാസപരിശീലന ക്ലാസ്സുകൾവഴി നാം ലക്ഷ്യം വയ്ക്കുന്നത്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരാനാണ് മക്കളെ വിശ്വാസപരിശീലന ക്ലാസ്സുകളിലേക്കയക്കേണ്ടത്.

വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് പോയി നല്ല മാർക്കു വാങ്ങുന്നതുകൊണ്ട് തീരുന്ന ഒന്നല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് (Behavioural Realm) വിശ്വാസപരിശീലനം ലക്ഷ്യത്തിലെത്തുന്നത്. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കൽപ്പന പഠിപ്പിച്ചാൽ അത് മതബോധനമാവില്ല മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് മതബോധന ക്ലാസ്സുകൾ ലക്ഷ്യം കാണുന്നത്. വിശ്വാസ പരിശീലന ക്ലാസ്സുകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി മൂന്നു ഘട്ടങ്ങളിലൂടെ രക്ഷയിലേക്ക് കടന്നുവരണം: ഈശോയെ അറിയുക... ഈശോയിൽ ജീവിക്കുക... ഈശോയെ പകർന്നു നല്കുക... ഈ മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന ഒരു ജീവിതം ചെന്നെത്തുന്നത് ദൈവസന്നിധിയിലായിരിക്കും, അവിടുത്തെ രക്ഷയിലും സ്വർഗ്ഗരാജ്യത്തിലുമായിരിക്കും.

പ്രിയപ്പെട്ട ദൈവജനമേ, വിശ്വാസപരിശീലനം ഒരു ഇടവകയുടെ പ്രധാനപ്പെട്ട ദൗത്യമായി കണ്ടുകൊണ്ട് കുട്ടികൾക്ക് നല്ലപരിശീലനം കൊടുക്കുവാൻവേണ്ട ഭൗതിക സാഹചര്യങ്ങൾ ഓരോ ഇടവകാസമൂഹവും ഒരുക്കേണ്ടതാണ്. ഇളം തലമുറയ്ക്ക് വിശ്വാസം പകർന്നു കൊടുക്കുന്നതിനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്തുന്നതിനും ദൈവാനുഭവവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് സനേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന എല്ലാ വിശ്വാസപരിശീലകരെയും അവർക്ക് നേതൃത്വം കൊടുക്കുന്ന ബഹു. വൈദികരെയും സന്യസ്തരെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

മതബോധനവർഷം ആരംഭിക്കുന്ന ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയാണ് പതിവ്. വരുന്ന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ നേരുന്നു. കുഞ്ഞുങ്ങൾ, "ബാലനായ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുക്കുടുംബം കൃപ നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ✝ ആശിർവദിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ഏപ്രിൽ 25 ന് വി. മർക്കോസിന്റെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 മെയ് 26-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

മെയ് 2024

**1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം**

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം ഈ വർഷം മെയ് മാസം 11-ാം തീയതി ശനിയാഴ്ചയാണ്. മെയ് 11 ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് മെയ് 12 ന് ഞായറാഴ്ച നിയമനപത്രേന്തി വായിച്ച് ചുമതല ഏല്ക്കേണ്ടതാണ്. സ്ഥലം മാറ്റമുള്ള എല്ലാ വികാരിയച്ചന്മാരും സ്ഥലം മാറിപ്പോകുന്നതിനു മുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി, ഒപ്പിട്ട് നടത്തുകൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടടുത്ത ദിവസം തന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേയ്ക്ക് ഒരു കോപ്പി അയച്ചുതരണം. വികാരിമാറ്റ റിപ്പോർട്ടിൽ ഒപ്പിടുന്നതിനുമുമ്പ് സ്വർണ്ണം, പണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വികാരിമാറ്റ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടത് പുതിയ വികാരിയുടെ ഉത്തരവാദിത്വമാണ്. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലം മാറുന്ന വികാരിമാർക്ക് പത്രേന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോം കൂടി അയയ്ക്കുന്നുണ്ട്. കുരിശുപള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്. നീക്കിയിരിപ്പ് പണവും താക്കോലും സ്ഥലം മാറിപ്പോകുന്ന വികാരി നടത്തുകൈക്കാരനെ ഏല്പിക്കുന്നത് സാധിക്കുമെങ്കിൽ ഫൊറോന വികാരിയുടെ സാന്നിദ്ധ്യത്തിലാകുന്നത് നന്നായിരിക്കും.

വൈദികർ സ്ഥലം മാറുന്ന മാസത്തെ അലവൻസിന്റെ പകുതി ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും ബാക്കി പകുതി പുതിയ സ്ഥലത്തുനിന്നും സ്വീകരിക്കേണ്ടതാണ്.

**2. ഇടവകയിലെ സുപ്രധാനരേഖകളുടെ സംരക്ഷണം**

ഇടവകയിലെ പ്രധാനപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുക ഇടവകവികാരിയുടെ ഉത്തരവാദിത്വമാണ്. എല്ലാ ഇടവകകളിലെയും ഇടവകസ്ഥാപന ഡിക്രി, 12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവ ഏറ്റവും സുരക്ഷിതമായി പ്രത്യേക ഫയലിൽ സൂക്ഷിക്കണം. ഈ രേഖകളുടെ കോപ്പി എടുത്തു വയ്ക്കുകയും ചെയ്യണം.

**3. ജൂണിയർ വൈദികരുടെ കോഴ്സ് - 2014 ഡിസംബർ മുതൽ 2024 വരെ തിരുപ്പട്ടം സ്വീകരിച്ചവർ**

2014-2024 വർഷങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2024 ജൂൺ 12 ബുധനാഴ്ച രാവിലെ 10 മണി മുതൽ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 1 മണിവരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത ബാച്ചുകളിൽപ്പെട്ട വൈദികർ ഈ ദിവസങ്ങളിൽ കോഴ്സിനായി മാറ്റി വയ്ക്കേണ്ടതാണ്.

**4. വി. മൂറോൻ**

2024 മാർച്ച് 25-ാം തീയതി അഭിവന്ദ്യ പിതാവ് അടുത്ത വർഷത്തേക്ക് ഉപയോഗിക്കേണ്ട വി. മൂറോൻ തൈലം വെഞ്ചരിച്ചു. 2024 മെയ് 12-ാം തീയതി മുതൽ പുതിയ മൂറോൻ തൈലമാണ് വി. കൂദാശകൾക്കായി ഉപയോഗിക്കേണ്ടത്. ഇനിയും പുതിയ മൂറോൻ തൈലം പള്ളികളിലേക്ക് കൊണ്ടുപോകാത്തവർ അതിരൂപതാ കേന്ദ്രത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

**5. മതബോധന ഞായർ**

2024 ജൂൺ 02-ാം തീയതി ഞായറാഴ്ചയാണ് മതബോധന ഞായർ. അന്നേദിനമാണ് ഈ അധ്യായന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ജൂൺ 02-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച അതിരൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കുവാനായി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിലേയ്ക്ക് നല്കുമല്ലോ.

**6. ബഹു. വൈദികരുടെയും പള്ളിജീവനക്കാരുടെയും അലവൻസ്**

2024 ഏപ്രിൽ മുതൽ ബഹു. വൈദികരുടെ അലവൻസ് ഈ വർഷത്തെ ഇൻക്രിമെന്റ് ഉൾപ്പടെ 15000/- രൂപയായിരിക്കും. ദൈവാലയ ശുശ്രൂഷികളുടെ ഇൻക്രിമെന്റ് 150 രൂപയും അക്കൗണ്ടന്റിന്റെ ഇൻക്രിമെന്റ് 100 രൂപയുമാണ്. ദൈവാലയ ശുശ്രൂഷിയും അക്കൗണ്ടന്റും നിലവിൽ കൈപ്പറ്റുന്ന ശമ്പളത്തോട് ഇൻക്രിമെന്റ് കൂടി ചേർത്ത് ഏപ്രിൽ മാസം മുതൽ നല്കേണ്ടതാണ്.

**7. ആദരാഞ്ജലികൾ**

**1. റവ. സി. ഫീന എം.എസ്.എം.ഐ. (81) :** എം.എസ്.എം.ഐ. സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ റവ. സി. ഫീന എം.എസ്.എം.ഐ. 2024 മാർച്ച് 29 ന് നിര്യാതയായി. എണ്ണപ്പാറ, എടപ്പുഴ, ചന്ദനക്കാംപാറ, കൂമ്പാറ, ചരൾ, ആര്യപറമ്പ, പരിയാരം, നെല്ലിക്കുറ്റി, ഏറ്റുപാറ, രയറോം, തേർമല എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2024 മാർച്ച് 30ന് നെല്ലിക്കുറ്റി സീയോൻ ധ്യാന കേന്ദ്രത്തിലെ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. വിമല പ്ലാക്കാട്ട് എസ്.എച്ച്. (74) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. വിമല പ്ലാക്കാട്ട് എസ്. എച്ച്. 2024 ഏപ്രിൽ 2 ന് നിര്യാതയായി. തരിയോട്, പേരാവൂർ, കൂരാച്ചുണ്ട്, മണിമൂളി, പെരുമ്പടവ്, വെങ്ങാട്, ബളാൽ, സന്ദേശഭവൻ, വായാട്ടുപറമ്പ്, പുലിക്കുരുമ്പ, ജോസ്ഗിരി, തൊണ്ടിയിൽ, വിളക്കന്നൂർ, ആശാഭവൻ എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ഏപ്രിൽ 03-ാം തീയതി പേരാവൂർ പ്രൊവിൻഷ്യൽഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**3. റവ. സി. ആന്റണിയ കാഞ്ഞിരത്തുങ്കൽ എസ്.എ.ബി.എസ്. (88) :** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസിലെ റവ. സി. ആന്റണിയ കാഞ്ഞിരത്തുങ്കൽ 2024 ഏപ്രിൽ 04 ന് നിര്യാതയായി. തലശ്ശേരി ചേറ്റംകുന്ന് കോൺവെന്റിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. കണിയാരം, പയ്യമ്പള്ളി, അമ്പലവയൽ, മീനങ്ങാടി, വിലങ്ങാട്, പുൽപ്പള്ളി, കിളിയന്തറ, പാലാവയൽ, തോമാപുരം, മണക്കടവ്, ആനിക്കാംപൊയിൽ, പനത്തടി, പറോട്ടിപൊയിൽ, മണിക്കടവ്, പാണത്തൂർ, ആനപ്പന്തി, ഗോണിഗോപാൽ, നിർമ്മലഗിരി, സന്ദേശഭവൻ (TSSS), എടാട്ട് എന്നീ മഠങ്ങളിൽ സേവനം ചെയ്തി



ട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 05 ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. റവ. ഫാ. ജോർജ് ആശാരിപ്പറമ്പിൽ (87) :** അവിഭക്ത തലശ്ശേരി



അതിരൂപതാംഗമായിരുന്ന റവ. ഫാ. ജോർജ് ആശാരിപ്പറമ്പിൽ 2024 ഏപ്രിൽ 07-ാം തീയതി നിര്യാതനായി. താമരശ്ശേരി രൂപതയുടെ വൈദികമന്ദിരത്തിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. ബഹു. ജോർജച്ചൻ തലശ്ശേരി രൂപതയുടെ ചാൻസലറായും മൈനർ സെമിനാരി റെക്ടറായും അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകളിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും മാർ ജോർജ് വലിയമറ്റം പിതാവും പങ്കെടുത്തു. മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ഏപ്രിൽ 12-ാം തീയതി പാലാ രൂപതയിലെ മർത്താ മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ സെമിത്തേരിയിൽ നടന്നു. ബഹു. ജോർജച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. ശ്രീമതി മേരി സ്കറിയ ചക്കനാനിക്കൽ (80) :** ബഹു. സ്കറിയ ചക്കനാനിക്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരി സ്കറിയ ചക്കനാനിക്കൽ 2024 ഏപ്രിൽ 11 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 12 ന് പാലാവയൽ സെന്റ് ജോൺസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോജി അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**6. റവ. സി. ഫിലിപ്പ്നേരി എസ്.എച്ച്. (86) :** തലശ്ശേരി സെന്റ് ജോസഫ്സ്



പ്രൊവിൻസിലെ തൊണ്ടിയിൽ മഠാംഗമായ റവ. സി. ഫിലിപ്പ്നേരി മുകുന്ദംകരിയിൽ എസ്. എച്ച്. 2024 ഏപ്രിൽ 14 ന് നിര്യാതയായി. പുലിക്കുരുമ്പ, കുളത്തുവയൽ, മണിമൂളി, പേരാവൂർ, വായാട്ടുപറമ്പ, പൈസക്കരി, തലയോട്, കട്ടിപ്പാറ, കരുവഞ്ചാൽ - പ്രീസ്റ്റ് ഹോം, പരിയാരം, തലശ്ശേരി (സന്ദേശഭവൻ) കട്ടപ്പന, പെരുമ്പടവ്, കൊന്നക്കാട്, കൂടാളി, മാങ്ങോട്, സിദ്ധാപുരം, ബൽത്തങ്ങാടി,

തൊണ്ടിയിൽ തുടങ്ങിയ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃത സംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 15 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**7. റവ. സി. മേരി അഗസ്റ്റിൻ പൂത്താംകുന്നേൽ എസ്. എച്ച്. (92) :** തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായിരുന്ന റവ. സി. മേരി അഗസ്റ്റിൻ പൂത്താംകുന്നേൽ എസ്. എച്ച് 2024 ഏപ്രിൽ 20 ന് നിര്യാതയായി. ചുങ്കക്കുന്ന്, തൊണ്ടിയിൽ, വായാട്ടുപറമ്പ്, കൂരാച്ചുണ്ട്, മണിമൂളി, കരുവഞ്ചാൽ, ഷീരാടി, കുഴിനിലം, പൈസക്കരി, ജോസ്ഗിരി, എടത്തൊട്ടി, കരുവഞ്ചാൽ, ആശാഭവൻ എന്നീ സ്ഥലങ്ങളിൽ ബഹു. അഗസ്റ്റീനാമ്മ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 21 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.



**8. റവ. സി. മാവുരൂസ് മണിക്കൊമ്പേൽ സി.എം.സി. (89) :** സി.എം.സി. തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായിരുന്ന റവ. സി. മാവുരൂസ് സി.എം.സി. 2024 ഏപ്രിൽ 21 ന് നിര്യാതയായി. തിരുവമ്പാടി, അങ്ങാടിക്കടവ്, കമ്പിനിഗിരി, നെല്ലിക്കാംപൊയിൽ, പുഷ്പഗിരി, നടവയൽ, തളിപ്പറമ്പ്, എടൂർ, കീഴ്പ്പള്ളി, മാട്ടറ, പേരട്ട, കക്കാടംപൊയിൽ, എന്നീ മഠങ്ങളിൽ ബഹു. മാവുരൂസാമ്മ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 21 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.





**9. റവ. സി. ബെനീഞ്ഞ സി.എം.സി. (94) :** സി.എം.സി. സെന്റ് ജോസഫ്സ് പ്രൊവിൻസിലെ അംഗമായിരുന്ന റവ. സി. മേരി ബെനീഞ്ഞ അന്തീനാട്ട് 2024 ഏപ്രിൽ 23 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 24 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നെല്ലിക്കാംപൊ

യിൽ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. ചേർപ്പുങ്കൽ, രാമപുരം, മുത്തോലി, എടൂർ, തിരുവമ്പാടി, ഫാത്തിമാഗിരി, അങ്ങാടിക്കടവ്, നിർമ്മലഗിരി, നെല്ലിക്കാംപൊയിൽ എന്നീ മഠങ്ങളിൽ ബഹു. സി. മേരി ബെനീഞ്ഞ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**10. റവ. സി. മേരി തെരേസ് സി.എം.സി. (94) :** സി.എം.സി. സന്യാസിനീ



സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രോവിൻസ് അംഗമായിരുന്ന ബഹു. സി. മേരി തെരേസ് പൊട്ടനാനി 2024 ഏപ്രിൽ 24ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഏപ്രിൽ 25ന് നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. കക്കാടംപൊയിൽ, വെളിമാനം, എടൂർ, ഇരിട്ടി, നെല്ലിക്കാംപൊയിൽ എന്നീ മഠങ്ങളിൽ ബഹു. സി. മേരി തെരേസ് സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**8. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. ജോസഫ് മാടക്കച്ചേരി | – | 05-05-2002 |
| 2. | റവ. ഫാ. അബ്രാഹം കാവളക്കാട്ട് | – | 06-05-1991 |
| 3. | റവ. ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ | – | 06-05-2021 |
| 4. | റവ. ഫാ. ജോസഫ് മാമ്പുഴ | – | 13-05-2007 |
| 5. | റവ. ഫാ. സിറിയക് വാഴയിൽ | – | 14-05-2021 |
| 6. | മോൺ. ജേക്കബ് പുത്തേട്ട് | – | 16-05-1989 |
| 7. | മോൺ. തോമസ് പഴേപറമ്പിൽ | – | 22-05-1992 |
| 8. | റവ. ഫാ. ജോൺ മണ്ണനാൽ | – | 23-05-2008 |
| 9. | റവ. ഫാ. ജോസ് മാരാംകുഴ | – | 23-05-2012 |
| 10. | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് | – | 24-05-1997 |
| 11. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) | – | 25-05-2003 |
| 12. | റവ. ഫാ. ജോർജ് താമരശ്ശേരി | – | 26-05-2008 |
| 13. | റവ. ഫാ. ജോസഫ് മേമന | – | 27-05-2013 |
| 14. | റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ | – | 29-05-2023 |
| 15. | റവ. ഫാ. ജോൺ വടക്കുംമൂലയിൽ | – | 31-05-2023 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

Prot. No. 170 /2024

# വിജ്ഞാപനം

## വൈദികസമിതി തിരഞ്ഞെടുപ്പ്

2021–2024 വർഷത്തേക്കുള്ള തലശ്ശേരി അതിരൂപതാ വൈദികസമിതിയുടെ (പ്രെസ്ബിറ്ററൽ കൗൺസിൽ) കാലാവധി 2024 മെയ് 31 ന് അവസാനിക്കുന്നതിനാൽ അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള വൈദികസമിതിയുടെ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതായി അറിയിക്കുന്നു.

വൈദികസമിതിയിലേക്കുള്ള അംഗങ്ങളെ രണ്ട് തരത്തിലാണ് തിരഞ്ഞെടുക്കുന്നത്. (അതിരൂപതാ വൈദികസമിതി നിയമാവലി Article 4.2). 1. ഓരോ ഫൊറോനയിലെയും തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികർ ഒന്നിച്ചുകൂടി തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി. 2. അതിരൂപതയിലെ വൈദികരെ തിരുപ്പട്ട സ്വീകരണ വർഷത്തിന്റെ ക്രമത്തിൽ 40നും 50നും ഇടയ്ക്ക് അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽനിന്നും തിരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ വീതം.

ഫൊറോനകളിൽനിന്നുള്ള പ്രതിനിധികളെ 2024 ജൂൺ മാസത്തിലെ മാസധ്യാനാവസരത്തിൽ തിരഞ്ഞെടുത്ത് ജൂൺ 30ന് മുമ്പ് അതിരൂപതാ കച്ചേരിയിൽ അറിയിക്കേണ്ടതാണ്.

ബാച്ച് അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിന് ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടാൻ യോഗ്യരായിട്ടുള്ളവരുടെ പേരുകൾ രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകൾ അതാത് ഗ്രൂപ്പിൽപ്പെട്ടവർക്ക് അയച്ചുതരുന്നതാണ്. മൂന്നു പേരുടെ പേരുകൾ വീതം അടയാളപ്പെടുത്തി ബാലറ്റുപേപ്പറുകൾ 2024 ജൂൺ 30ന് മുമ്പ് ലഭിക്കത്തക്കവിധം തിരികെ അയയ്ക്കേണ്ടതാണ്.

ഈ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായ അതിരൂപതാ ചാൻസലറിനെ സഹായിക്കാൻ താഴെ പറയുന്ന ബഹു. വൈദികരെ ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായി നിയമിക്കുന്നു.

1. റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ
2. റവ. ഫാ. തോമസ് മാപ്പിളപ്പറമ്പിൽ

2024–2027 വർഷത്തേയ്ക്കുള്ള തലശ്ശേരി അതിരൂപതാ വൈദികസമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നിയമാനുസൃതം നടത്തി 2024 ജൂലൈ 31 ന് മുമ്പ് അംഗങ്ങളുടെ പട്ടിക സമർപ്പിക്കുവാൻ മുകളിൽ പറഞ്ഞിരിക്കുന്ന കമ്മീഷനെ ചുമതലപ്പെടുത്തുന്നു.

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്ന് 2024 ഏപ്രിൽ 26നു നല്കപ്പെട്ടത്.

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാമെത്രാപ്പോലീത്ത

# പാസ്റ്ററൽ കൗൺസിൽ യോഗ റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ യോഗം 2024 ഏപ്രിൽ 13 ശനിയാഴ്ച രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. തോമസ് മാപ്പിളപ്പറമ്പിൽ അച്ചൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. വികാരി ജനറൽ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ യോഗത്തിൽ സ്വാഗതപ്രഭാഷണം നടത്തി. മുൻയോഗത്തിന്റെ റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മിസ്റ്റർ ജോർജ് തയ്യിൽ അവതരിപ്പിച്ചു. ഭേദഗതികൾ കൂടാതെ റിപ്പോർട്ട് യോഗം പാസ്സാക്കി. മതസാഹോദര്യം ക്രൈസ്തവ മൂല്യമാണെന്നും വിവിധ മതങ്ങൾക്കിടയിൽ വർദ്ധിച്ചുവരേണ്ട പരസ്പര ബഹുമാനവും സഹവർത്തിത്വങ്ങളും ഏറെ പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രസ്താവിച്ചു. പ്രണയചതികൾ പോലുള്ള അപകടങ്ങളെക്കുറിച്ച് നമ്മുടെ കുട്ടികളെ ബോധവത്ക്കരിക്കാനുള്ള പരിശ്രമങ്ങൾ നടത്തി സമുദായ ശാക്തീകരണത്തിനുവേണ്ട എല്ലാ കാര്യങ്ങളും അടിയന്തര പ്രാധാന്യത്തോടെ നമ്മൾ ചെയ്യുമ്പോഴും അന്യമത വിദ്വേഷത്തിന്റെ നിലപാട് സുവിശേഷ മൂല്യങ്ങൾക്കെതിരായതിനാൽ അത്തരം ആശയഗതികളെ സ്വീകരിക്കാനാവില്ലായെന്നും അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു.

കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രൊ.ഡോ. ജോബി കെ. ജോസ് ന്യൂനപക്ഷങ്ങൾക്കുള്ള വിവിധ സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് ക്ലാസ്സ് നയിച്ചു. EWS സർട്ടിഫിക്കറ്റ് അർഹതപ്പെട്ടവർ സ്വന്തമാക്കേണ്ടതിന്റെ പ്രാധാന്യം ക്ലാസ്സിനോടനുബന്ധിച്ച് നടന്ന ചർച്ചയിൽ യോഗങ്ങൾ പരാമർശിച്ചു. UPSC പരീക്ഷകൾ എഴുതുവാൻ യുവജനങ്ങളെ പ്രേരിപ്പിക്കേണ്ട കാര്യം യോഗം ചർച്ച ചെയ്തു. കുടുംബക്കൂട്ടായ്മകളിൽ ചർച്ചാ സമയങ്ങളിൽ ഇത്തരം വിഷയങ്ങളുടെ പ്രാധാന്യം ആളുകളെ ബോധ്യപ്പെടുത്തുവാൻ സഹായിക്കുന്ന ചർച്ചാ സഹായികളും വിവരങ്ങളും നല്കണമെന്ന നിർദ്ദേശമുണ്ടായി.

തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നു. തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ വാർദ്ധക്യം സുരക്ഷിതത്വവും സന്തോഷപ്രദവുമാക്കുവാൻ ലക്ഷ്യമിട്ട് 'ഹാപ്പി വില്ലേജ്' പദ്ധതി നട

പ്പിലാക്കുവാൻ തീരുമാനിച്ചു. ഈ വിഷയത്തെക്കുറിച്ച് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. ആദ്യഘട്ടത്തിൽ കണ്ണൂരും, കുന്നോത്തും ആണ് ഇത്തരം വില്ലേജുകൾ സ്ഥാപിക്കുക. ഈ പദ്ധതിയെക്കുറിച്ചുള്ള തുടർ പഠനങ്ങൾക്കും പദ്ധതി നടത്തിപ്പിനുമായി മോൺ. ആന്റണി മുതുകുന്നേലച്ചന്റെ നേതൃത്വത്തിൽ പാസ്റ്ററൽ കൗൺസിലിൽ നിന്നും സമിതിയെ തിരഞ്ഞെടുത്തു. റവ. ഫാ. തോമസ് വടക്കേമുളഞ്ഞനാൽ, ഡോ. എം. ജെ. മാത്യു മണ്ഡപത്തിൽ, മിസ്റ്റർ ബാബു പാലാട്ടിക്കുന്നത്താൻ എന്നിവരാണ് സമിതി അംഗങ്ങൾ. ഈ പദ്ധതി നടപ്പിലാക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് അഭിവന്ദ്യ പിതാവിനെ സമീപിച്ച അങ്ങാടിക്കടവ് ഇടവകക്കാരായ 8 അംഗങ്ങളെ ഹാപ്പി വില്ലേജിനെക്കുറിച്ചുള്ള ചർച്ചയിൽ വിളിക്കുവാനും നിർദ്ദേശിച്ചു.

സമുദായ ശാക്തീകരണത്തിന് കുടുംബക്കൂട്ടായ്മകളുടെ പങ്ക് എന്ന വിഷയത്തിൽ റവ. ഫാ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ വിഷയാവതരണം നടത്തി. സമുദായ ശാക്തീകരണത്തിന്റെ പ്രാധാന്യം ഈ കാലഘട്ടത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട വിഷയമാണെന്ന് അഭിപ്രായമുണ്ടായി. കത്തോലിക്കാ കോൺഗ്രസ് ശക്തിപ്പെടുന്നത് സമുദായ ശാക്തീകരണത്തിന് കാരണമാകുമെന്നും കുടുംബക്കൂട്ടായ്മകളിലൂടെ കത്തോലിക്കാ കോൺഗ്രസിനെ കൂടുതൽ സജീവമാക്കണമെന്നും നിർദ്ദേശമുണ്ടായി.

വന്യമൃഗങ്ങൾ ഉയർത്തുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള വിഷയാവതരണം അഡ്വ. ബിനോയി ഓമത്തടം നടത്തി. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗശല്യം പരിഹരിക്കുവാൻ ഭരണഘടനകൾ അടിയന്തരമായി ഇടപെടുവാൻ നിരന്തരം ആവശ്യങ്ങൾ ഉന്നയിക്കണമെന്നും ആവശ്യമെങ്കിൽ പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. തലശ്ശേരി അതിരൂപതയെ വിശപ്പ് രഹിതമാക്കുവാൻ ലക്ഷ്യമിട്ടു 'സീറോ പോവർട്ടി പദ്ധതി' നടപ്പിലാക്കുവാൻ യോഗം നിർദ്ദേശിച്ചു. പാസ്റ്റർ കൗൺസിൽ സെക്രട്ടറി മിസ്റ്റർ ജോർജ് തയ്യിൽ ഈ വിഷയത്തെ സംബന്ധിച്ചുള്ള വിഷയാവതരണം നടത്തി. അതിരൂപതയിലെ ജീവകാരുണ്യപദ്ധതികളോട് താത്പര്യമുള്ള കുടുംബങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. പാസ്റ്ററൽ കൗൺസിൽനിന്നും സമിതിയെ നിയമിച്ച് ഈ പദ്ധതി നടപ്പിലാക്കാനുള്ള കാര്യങ്ങൾ ചെയ്യാൻ യോഗം നിർദ്ദേശിച്ചു. ഇടവകാതലത്തിൽ രക്തദാനസേനകൾ രൂപീകരിക്കേ

ണ്ടതിന്റെ ആവശ്യകത എന്ന വിഷയത്തെക്കുറിച്ച് അനു മറ്റത്തിൽ വിഷയാവതരണം നടത്തി. 'ഹെൽപ് ഡസ്ക്കുകൾ' തുടങ്ങേണ്ടതിന്റെ പ്രാധാന്യവും യോഗം ചൂണ്ടിക്കാട്ടി.

സംസ്ഥാന കർഷക ശ്രീ അവാർഡ് കരസ്ഥമാക്കിയ ശ്രീ. അനീഷ് താബോർ, സംസ്ഥാന മികച്ച കോർപറേറ്റ് ഏജൻസിയായി തിരഞ്ഞെടുക്കപ്പെട്ട തലശ്ശേരി അതിരൂപതാ കോർപറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ, മാനവശ്രേഷ്ഠ പുരസ്ക്കാരം നേടിയ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി അസി. ഡയറക്ടർ റവ. ഫാ. സ്കറിയ വരമ്പകത്ത്, ഓട്ടോണമസ്സ് പദവി ലഭിച്ച വിമൽജ്യോതി എഞ്ചിനീയറിംഗ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഡേ. എം. ജെ. മാത്യു മണ്ഡപത്തിൽ, സി.എം.എൽ. സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മിസ്റ്റർ ജെയ്സൺ പുളിച്ചമാക്കൽ എന്നിവരെ യോഗത്തിൽ ആദരിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ രേഖാമൂലം ഒഴിവു വാങ്ങാതെ തുടർച്ചയായി രണ്ട് തവണ സംബന്ധിക്കാതിരുന്നാൽ ആ അംഗത്തിനുപകരം പുതിയ അംഗത്തെ നിയമിക്കുന്നതായിരിക്കും എന്ന് യോഗത്തെ അഭിവന്ദ്യ പിതാവ് അറിയിച്ചു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ യോഗങ്ങൾക്ക് നന്ദി അറിയിച്ചു. ഉച്ചകഴിഞ്ഞ് 1.45ന് യോഗം അവസാനിച്ചു.

**മിസ്റ്റർ ജോർജ് തയ്യിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## അറിയിപ്പ്

ദിവ്യകാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ഇടവകകളിൽ നടത്തുന്ന പ്രത്യേക ആത്മീയ ശുശ്രൂഷകളെക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചാൽ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ചാൻസലർ**

# സെമിനാരി വാർത്തകൾ

### ദൈവവിളി ക്യാമ്പ് 2024

തലശ്ശേരി അതിരൂപതയിലെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 7,8,9 തീയതികളിലായി അഞ്ച് കേന്ദ്രങ്ങളിൽ നടന്നു. അങ്ങാടിക്കടവ്, ചെമ്പന്തൊട്ടി, ചട്ടമല, പടന്നക്കാട്, മദർ ഹോം എന്നിവിടങ്ങളിൽ നടന്ന ക്യാമ്പിൽ ആൺകുട്ടികളും പെൺകുട്ടികളുമായി 400 ഓളം പേർ പങ്കെടുത്തു. ക്യാമ്പ് വിജയകരം ആക്കുവാൻ നേതൃത്വം നൽകിയ വൈദികർക്കും സന്യസ്തർക്കും അല്മായർക്കും വൈദിക വിദ്യാർഥികൾക്കും നന്ദി. ക്യാമ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ഔദാര്യപൂർവം ചെയ്തു തന്ന ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനെയും ഫ്രാൻസിസ് റാത്തപ്പള്ളി അച്ചനെയും തോമസ് പയ്യമ്പള്ളി അച്ചനെയും ഓസ്റ്റിൻ ചക്കാംകുന്നേൽ അച്ചനെയും ബെന്നി പുത്തൻനട അച്ചനെയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ കുട്ടികളെ അയച്ച വികാരിയച്ചന്മാർക്ക് നന്ദി.

### ചെറുപട്ടങ്ങൾ

നമ്മുടെ അതിരൂപതയ്ക്ക് വേണ്ടി ഏപ്രിൽ 25-ാം തീയതി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിൽ നിന്നും 11 പേർ ഹെവ്പദുയാക്കോന പട്ടവും 13 പേർ കാറോയാ പട്ടവും സ്വീകരിക്കുന്നു. പൗരോഹിത്യത്തിലേക്ക് ഒരു പടി കൂടി അടുക്കുന്ന ഈ സഹോദരന്മാരെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

### വൈദികവസ്ത്ര സ്വീകരണം

റീജൻസി കാലഘട്ടം വിജയകരമായി പൂർത്തിയാക്കി 15 സഹോദരന്മാർ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മെയ് മാസം 1-ാം തീയതി വൈദിക വസ്ത്രം സ്വീകരിക്കുന്നു. റീജൻസി കാലത്തെ ഇവരുടെ സ്തുത്യർഹമായ സേവനങ്ങൾക്ക് നന്ദി പറയുന്നു.

പൗരോഹിത്യ പാതയിൽ തീക്ഷ്ണതയോടെ മുന്നേറുന്ന ഇവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

**റീജൻസി**

തത്വശാസ്ത്ര പഠനം വിജയകരമായി പൂർത്തിയാക്കി 12 വൈദിക വിദ്യാർത്ഥികൾ റീജൻസി ശുശ്രൂഷയിലേക്ക് പ്രവേശിച്ചിരിക്കുന്നു. പൗരോഹിത്യ പരിശീലന വഴിയിലെ ഈ പ്രായോഗിക കാലഘട്ടം ഇവർക്ക് അനുഗ്രഹീതമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

| | **House Name, Name, Parish** | **Center** |
|---|---|---|
| 1 | Alappatt Joseph, Marigiri | Catechism & Family Apostolate |
| 2 | Chakirippadathu Abraham, Chemperi | Priest's Home |
| 3 | Elamthuruthil Thomas, Kappimala | Archbishop's House, (Mar Valiamattam) |
| 4 | Kalavanal Joseph, Chavaragiri | Alpha Institute & FRUITS |
| 5 | Kallarackal Philip, Koluvally | Priest's Home |
| 6 | Koduveliparambil Donal, Kasaragod | Kunnoth Estate, Mar Njaralakatt |
| 7 | Madathettu Thomas, Bheemanady | Archbishop's House |
| 8 | Moolayil Loyola Nellikkampoil | Minor Seminary |
| 9 | Palamattathil Thomas, Chedikkulam | Mandya |
| 10 | Panachickal Lukose, Vellarikund | Sandesabhavan |
| 11 | Payikkattu Scaria Peringala | Savio Boys Town, Kunnoth |
| 12 | Puravakkattu Amal Joe Chempanthotty | Karunalayam, Chemberi |

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

### 1. റീജൻസി ബ്രദറിന് നന്ദി

2023 ഒക്ടോബർ 28 മുതൽ 2024 ഏപ്രിൽ 20 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ ആൽബർട്ട് വാളുവെട്ടിക്കലിന് ഹൃദ്യമായ നന്ദി. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ ആൽബർട്ട് നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു. റീജൻസിക്കായി പുതുതായി കടന്നു വന്നിരിക്കുന്ന ബ്രദർ നിഖിൽ ആലപ്പാട്ടിന് ഹൃദ്യമായ സ്വാഗതം.

### 2. 2024 മതബോധന ഞായർ - ജൂൺ 02

2024-2025 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ജൂൺ 02 ന് ഞായറാഴ്ച ആരംഭിക്കുന്നു. അന്നേദിവസം സൺഡേസ്കൂൾ തലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം സംഘടിപ്പിക്കുന്നത് ഉചിതമാണ്.

### 3. സ്റ്റാഫ് മീറ്റിംഗ്

സൺഡേസ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**4. പ്രവേശനോത്സവം**

2024–2025 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 26 ഞായറാഴ്ചയോ ജൂൺ 02 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

**5. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – ജൂൺ 17 തിങ്കൾ**

2024–2025 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തലശ്ശേരിയിൽ വെച്ച് ജൂൺ 17 തിങ്കളാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്. മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**6. ആമുഖസെമിനാർ ജൂലൈ 11–14**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 11–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 14–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

**7. ക്ലാസ്സ് 1–11 : വാർഷിക പരീക്ഷ – നന്ദി**

1 മുതൽ 11 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 06 ശനിയാഴ്ച രാവിലെ 9 മുതൽ 11 മണിവരെ നടത്തി. പരീക്ഷ വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**8. വിശ്വാസോത്സവം – നന്ദി**

ഏപ്രിൽ 01 മുതൽ 04 വരെ നടത്തിയ വിശ്വാസോത്സവം വിജയകരമാക്കാൻ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും നന്ദി.

**9. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**10. പാഠപുസ്തക – ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 05 മുതൽ ജൂൺ 08 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. ജൂൺ 02 ഞായറാഴ്ച തന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

**11. പാഠപുസ്തകങ്ങളുടെ വില**

| | |
|---|---|
| ക്ലാസ്സ് I - III | : 45 രൂപ |
| ക്ലാസ്സ് IV - XII | : 50 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 55 രൂപ |
| ഉപപാഠപുസ്തകങ്ങൾ I - IX | : 30 രൂപ |
| ഉപപാഠപുസ്തകം X - XI | : 35 രൂപ |
| ഉപപാഠപുസ്തകം XII | : 30 രൂപ |

**12. പുതിയ പുസ്തകങ്ങൾ**

2024–2025 പ്രവർത്തനവർഷത്തിൽ പതിനൊന്നാം ക്ലാസ്സിലെ പാഠപുസ്തകവും എട്ട്, പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ ഉപപാഠപുസ്തകങ്ങളും മാറുന്നതാണ്. പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും വില അടുത്ത മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**13. അവധിക്കാല വേദപാഠം – നന്ദി**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 15 മുതൽ 19 വരെയുള്ള തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തി. 140 കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സുകൾ എടുത്ത് സഹായിച്ച സി. പുഷ്പ സിഎംസി, സി. ആൻമരിയ എസ്എബിഎസ്, സി. ജെയ്സ് മരിയ എഫ്സിസി, സി. സീന സേവ്യർ എഫ്സിസി, സി. റോസ്ന ഫ്രാൻസിസ് എസ്എച്ച്, സി. അൽഫോൻസ് എസ്എച്ച്, സി. അൽഫോൻസ എസ്എച്ച്, സി. ലിറ്റി എൻഎസ്, ബ്രദർ അരുൺ പൂക്കുളത്തിൽ, ബ്രദർ ആൽവിൻ കാശാംകാട്ടിൽ, ബ്രദർ മെൽവിൻ വടക്കൻ എന്നിവർക്ക് നന്ദി.

**14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### 15. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 15-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 16. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ സൺഡേസ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് മാസം 15-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 17. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് മാസം 15- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2023-2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 19. ദിവ്യകാരുണ്യസന്ധ്യ

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് വിശ്വാസപരിശീലകർക്കായി ദിവ്യകാരുണ്യസന്ധ്യ എന്ന പേരിൽ മെയ് മാസം മുതൽ കൂട്ടായ്മ നടത്തുന്നു. നാല് സൺഡേ സ്കൂളുകൾ ഒന്നുചേർന്നായിരിക്കും കൂട്ടായ്മ നടത്തുക. വൈകുന്നേരം 4 മണി മുതൽ 9.30 വരെയുള്ള സമയത്ത് നട

ത്തുന്ന ദിവ്യകാരുണ്യസന്ധ്യയിൽ വി. കുർബാന, ക്ലാസ്സ്, ദിവ്യകാരുണ്യ ആരാധന, ചർച്ച എന്നിവയായിരിക്കും ഉണ്ടാവുക. അത്താഴത്തോടെ പ്രോഗ്രാം സമാപിക്കുന്നതാണ്.

**20. വിശ്വാസപരിശീലകർക്കുള്ള ധ്യാനം**

2024-2025 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം "റേമ 2024" പരിയാരം മദർഹോമിൽവച്ച് നടത്തുന്നതാണ്. ജൂൺ 21-23, ജൂലൈ 26-28, ഓഗസ്റ്റ് 23-25, സെപ്റ്റംബർ 16-18, ഒക്ടോബർ 25-27, നവംബർ 22-24, ഡിസംബർ 06-08 എന്നീ തീയതികളിലായിരിക്കും ധ്യാനം നടത്തുക.

**21. ദിവ്യകാരുണ്യ അനുഭവ ധ്യാനം**

ദിവ്യകാരുണ്യവർഷത്തിൽ കുട്ടികൾക്കായി ദിവ്യകാരുണ്യധ്യാനം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്കായി ഏപ്രിൽ മാസത്തെ ഗിരിദീപം കാണുക (പേജ് 22).

**22. ആദരാഞ്ജലികൾ**

വാണിയപ്പാറ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ആന്റണി സാറിന്റെ മാതാവ് ഏലിക്കുട്ടി ആന്റണി മേച്ചേരിക്കുന്നേൽ, താബോർ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ജോസ് സാറിന്റെ മാതാവ് അന്നക്കുട്ടി കല്ലക്കാവുങ്കൽ, ചെറുപുഴ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ ബേബി സാറിന്റെ മാതാവ് അന്നക്കുട്ടി മാങ്കോട്ടിൽ, കീഴ്പ്പള്ളി സൺഡേസ്കൂൾ പ്രധാനാന്യാപകൻ ജെയ്സ് സാറിന്റെ മാതാവ് ഏലിക്കുട്ടി ലൂക്കാ പുളിയാനിക്കാട്ട് എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**23. നന്ദി, നല്ല അവധിക്കാലം**

2023-2024 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2024 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിക്കുന്നു.

### തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്ര കോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത് (Zoom or Google Meet) Platforms ലാണ്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 8086312826.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ജൂൺ 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

## സെമസ്റ്റർ പരീക്ഷൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 10 മുതൽ ജൂൺ 10 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ രണ്ട് രീതിയിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions).

## ല്യൂമെൻ എക്ലേസിയ - സെമസ്റ്റർ പരീക്ഷകൾ, തീസിസ് സമർപ്പണം

സെമസ്റ്റർ പരീക്ഷകൾ ജൂൺ 2, 8, 15 എന്നീ തീയതികളിൽ നടത്തപ്പെടുന്നു. കോഴ്സ് പൂർത്തിയാക്കുന്നതിന്റെ ഭാഗമായി 60 മുതൽ 80 വരെ പേജുകൾ ഉള്ള തീസിസ് എഴുതി ബൈൻഡ് ചെയ്ത കോപ്പി സെപ്റ്റംബർ 15 നുള്ളിൽ ആൽഫായുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## ലോഗോസ് ബൈബിൾ ക്വിസ് - 2024

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

**പരീക്ഷാ തീയതികൾ**

| | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00-3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23-24 |
| രജിസ്ട്രേഷൻ | **: 2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |
| രജിസ്ട്രേഷൻ ഫീസ് : **20 രൂപ** | |

## ലോഗോസ് പഠനസഹായി

ലോഗോസ് ബൈബിൾ ക്വിസിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് പുറത്തിറക്കുന്നുണ്ട്. പുസ്തകത്തിന്റെ വില 80 രൂപയാണ്. ആവശ്യമുള്ളവർ 8086312826 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് മെസേജ് അയച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## നന്ദി, സ്വാഗതം

2023 നവം. 4 മുതൽ 2024 ഏപ്രിൽ 12 വരെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലും ബൈബിൾ അപ്പൊസ്റ്റൊലേറ്റിലും ത്യാഗോജ്ജ്വലമായ സേവനം കാഴ്ച വച്ച ബ്രദർ തോമസ് ഐക്കരയ്ക്ക് ഹൃദയം നിറഞ്ഞ നന്ദി. തുടർന്നു വരുന്ന ദൈവശാസ്ത്രപഠന കാലഘട്ടം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പുതുതായി ആൽഫയിലേക്കു റീജൻസിക്കായി വന്നിരിക്കുന്ന ബ്രദർ ജോസഫ് കലവനാലിന് ഹൃദ്യമായ സ്വാഗതം. നന്മ നിറഞ്ഞ റീജൻസി കാലഘട്ടം ആശംസിക്കുകയും ചെയ്യുന്നു.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ചെറിയ ജീവിതചര്യകളെ വലിയ വിശ്വസ്ഥതയോടെ നിറവേറ്റിയ തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളും; തന്റെ ചുരുങ്ങിയ ഇഹലോക ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി. ഡൊമിനിക് സാവിയോയുടെ തിരുനാളും; നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ... ഒപ്പം സുകൃതങ്ങൾ അനുഷ്ഠിച്ചും പ്രാർത്ഥനകൾ ജപിച്ചും പരിശുദ്ധ അമ്മയുടെ വണക്കമാസം നമുക്ക് ആചരിക്കാം. കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ ജ്വലിക്കുന്ന പ്രേഷിത തീക്ഷ്ണതയും, നിങ്ങളുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, "വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക് ..." എന്ന 2023-24 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് ത്യാഗോജ്ജ്വലമായ പ്രവർത്തനം കാഴ്ച്ച വെച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും .....

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഡൊമിനിക് സാവിയോ
പ്രാർത്ഥനാനിയോഗം : എല്ലാ തൊഴിലാളികളെയും ഓർക്കുന്നു.
സുകൃതജപം : മറിയമേ എന്റെ ശരണമേ
വചനാമൃതം : 2 കോറിന്തോസ് 6 അദ്ധ്യായം.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ബുധൻ : തൊഴിലാളിദിനം

05 ഞായർ : ദൈവവിളി ദിനം, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം

06 തിങ്കൾ : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ
12 ഞായർ : നേഴ്സസ് ദിനം
15 ബുധൻ : കുടുംബ ദിനം
19 ഞായർ : പന്തക്കുസ്താ തിരുനാൾ
21 ചൊവ്വ : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 9-ാം ചരമവാർഷികം

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, മേഖലാ ജൂനിയർ, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ മാനേജിംഗ് കമ്മറ്റി, എയ്ഞ്ചൽസ് മീറ്റ്

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2023 - 24 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5-ാം തീയതിയോടെ അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

- 2023 - 24 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽനിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10-ാം തീയതിയോടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തീയതി ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.
- 2023 - 2024 പ്രവർത്തനവർഷത്തിൽ നിങ്ങളുടെ മേഖലകളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച് 1,2,3, സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ ലിസ്റ്റും കൂടി ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒപ്പോടുകൂടി മേഖലാ വാർഷിക റിപ്പോർട്ട് തരുന്നകൂടെ തരണം എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

### 5. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2024 - 2025 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ (ജൂനിയർ, സീനിയർ) തിരഞ്ഞെടുപ്പ് വിശ്വാസോത്സവ ത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. അഥവാ ആർക്കെങ്കിലും തിര ഞ്ഞെടുപ്പ് നടത്താൻ സാധിച്ചില്ല എങ്കിൽ ജൂൺ ആദ്യആഴ്ച അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് നടത്തി ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോമിൽ എഴുതി ലിസ്റ്റ് അതിരൂ പതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ വൈസ് ഡയറക്ടേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

### 6. അതിരൂപതാ മാനേജിംഗ് കമ്മറ്റി

ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 18-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമിപ്പിക്കട്ടെ. തളി പ്പറമ്പ് ദർശന ധ്യാനകേന്ദ്രത്തിൽ വച്ച് രാവിലെ 9 മണിക്ക് രജിസ്ട്രേഷ നോടെ ആരംഭിക്കുന്നതാണ്. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 7. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)

അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 15-17 തീയതികളിൽ കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, മാലോം, വെള്ളരിക്കുണ്ട്, തോമാ പുരം, ചെറുപുഴ, മേരിഗിരി എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പട ന്നക്കാട് പാസ്റ്റർ സെന്ററിൽ വച്ച് ജീവദർശന ക്യാമ്പ് നടത്തി. മെയ് 23-25 തീയതികളിൽ ആലക്കോട്, വായാട്ടുപ്പറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പ റമ്പ്, പൈസക്കരി, പേരാവൂർ, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സന്ദേശഭവനിൽ വച്ച് ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 6 ക്ലാസ്സ് മുതൽ 9 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 500/- രൂപ. മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**8. ഏയ്ഞ്ചൽസ് മീറ്റ് :** ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും ഏയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ഈ മാസം ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

**9. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗ് 2024 – 2025 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും **ജൂൺ 15 ശനിയാഴ്ച** രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. മിഷൻലീഗ് – തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. അന്നേദിവസം വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്കും, സ്കോളർഷിപ്പിന് അർഹരായവർക്കും സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. മീറ്റിംഗിനെകുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**10. എം. ടി. സി മിഷൻ തീർത്ഥയാത്ര**

ഏപ്രിൽ 10 മുതൽ 13 വരെ ചട്ടമലയിൽ വച്ച് നടന്ന അതിരൂപതാ എം റ്റി സി ക്യാമ്പിൽ നിന്നും തിരഞ്ഞെടുത്ത 38 കുട്ടികളെ മെയ് 4 മുതൽ 9 വരെ ഛാന്ദ മിഷനിലേക്ക് തീർത്ഥാടനം കൊണ്ടുപോകുന്നു.

**11. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**12. അതിരൂപതാതല എം റ്റി സി ക്യാമ്പ്**

2024 ഏപ്രിൽ 10 മുതൽ 13 വരെ ചട്ടമല ശാഖയിൽ വെച്ച് നടന്ന അതിരൂപതാതല എം റ്റി സി ക്യാമ്പ് ഫൊറോന വികാരി റവ. ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഏപ്രിൽ 10 ന് വൈകുന്നേരം 05.30 ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്യാമ്പിനെക്കുറിച്ച് അവ

ലോകനം ചെയ്ത് സംസാരിച്ചു. 11.04.24 വ്യാഴാഴ്ച തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് വി. കുർബാന അർപ്പിക്കുകയും മിഷൻസന്ദേശം നൽകുകയും ചെയ്തു.

19 മേഖലകളിൽ നിന്നുമായി ക്യാമ്പിൽ പങ്കെടുത്ത 114 കുട്ടികളിൽ നിന്ന് 38 കുട്ടികൾ മിഷൻ ഗ്രാമ സന്ദർശനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പിൻെറ വിജയത്തിനായി എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ചെയ്തുതന്ന ചട്ടമല ഇടവക വികാരി ബഹു. ഓസ്റ്റിൻ ചക്കാംക്കുന്നേൽ അച്ചനും, സിസ്റ്റേഴ്സിനും, ഇടവകാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## 13. മേഖലാ സന്ദർശനങ്ങൾ

24.03.2024 ന് ചെറുപുഴ മേഖല അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 14. മേഖലാ കൗൺസിൽ വാർഷികം

15.04.2024 ന് മാലോം മേഖലാ കൗൺസിൽ - വാർഷികം നടന്നു.

## 15. സെമിനാറുകൾ, ക്ലാസ്സുകൾ

- 24.03.2024 ന് ചെമ്പേരി മേഖല എം ടി സി ക്യാമ്പിലെ കുട്ടികൾക്ക് സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശ്ശേരി സെമിനാർ നടത്തി.
- 06.04.2024 ന് ചെമ്പന്തൊട്ടി മേഖല എം ടി സി ക്യാമ്പിന് അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, പ്രസിഡന്റ് ഷിജോ സ്രായിൽ, സുനിൽ കല്ലിടുക്കിൽ എന്നിവർ പങ്കെടുത്തു. പ്രസിഡന്റ് ഷിജോ സ്രായിൽ കുട്ടികൾക്ക് സെമിനാർ നടത്തി.
- 07.04.2024 ന് തോമാപുരം മേഖല എം ടി സി ക്യാമ്പിലെ കുട്ടികൾക്ക് അതിരൂപത പ്രസിഡന്റ് ഷിജോ സ്രായിൽ സെമിനാർ നടത്തി.

## 16. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ശ്രീ. തോമസ് മുളയോലിന് (CML അതിരൂപതാ മുൻ ഡയറക്ടർ ബഹു. മാത്യു മുളയോലിൽ അച്ചന്റെ പിതാവ്) അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ശ്രീമതി ത്രേസ്യാമ്മ വി.റ്റി. വടക്കേപ്പറമ്പിലിന് (CML അതിരൂപതാ ഡയറക്ടർ ബഹു. ജോസഫ് വടക്കേപ്പറമ്പിലിന്റെ വല്യമ്മ) അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ അവധിക്കാലത്ത് കളികളുടെയും ആഘോഷങ്ങളുടെയും തിരക്കിനിടയിലും ഈശോയുടെ ഹൃദയ ഗുണങ്ങൾ സ്വന്തമാക്കി ഉണ്ണീശോയുടെ സ്നേഹിതരായി മാറാൻ എല്ലാ കൊച്ചു കൂട്ടുകാർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു... ആശംസിക്കുന്നു. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞു കൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്

അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഡൊമിക്ക് സാവിയോ

പ്രാർത്ഥനാനിയോഗം : തൊഴിലാളികൾക്കുവേണ്ടി

സുകൃതജപം : കർത്താവേ ദാവീദിന്റെ പുത്രാ പാപിയായ എന്നിൽ കനിയണമേ.

വചനം : വത്സല മക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുസരിക്കുന്നവരാകുവിൻ (എഫേ 5: 1)

പ്രവൃത്തി : പരിശുദ്ധ അമ്മയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.

എയ്ഞ്ചൽസ് ബീറ്റ്സ് : അവധിക്കാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ബുധൻ : തൊഴിലാളിദിനം

05 ഞായർ : ദൈവവിളി ദിനം

06 തിങ്കൾ : വി. ഡൊമിനിക് സാവിയോയുടെ തിരുനാൾ

12 ഞായർ : നേഴ്സസ് ദിനം

15 ബുധൻ : കുടുംബ ദിനം

19 ഞായർ : പന്തക്കുസ്താ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2024 - 2025 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില 35 രൂപ ആയിരിക്കും.

**3. തിരുബാലസഖ്യം മാർഗ്ഗരേഖ**

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2024-2025 പ്രവർത്തനവർഷ മാർഗ്ഗരേഖ തിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. തിരുബാലസഖ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും മാർഗ്ഗരേഖയിൽ ആണ് നൽകിയിരിക്കുന്നത്.

**4. ശാഖാ ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2023-24 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും തിരുബാലസഖ്യത്തിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ
ആഹ്ളാദിക്കുവിൻ,അവന്റെമഹത്വം വെളിപ്പെടുമ്പോൾ
നിങ്ങൾ അത്യധികം ആഹ്ളാദിക്കും" (1പത്രോസ് 4.13)

പ്രിയപ്പെട്ട ഡയറക്ടച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

അവധിക്കാലത്ത് യുവജനങ്ങൾക്കായി പ്രോഗ്രാമുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പള്ളിമുറ്റം യുവജനസംഗമങ്ങൾ യൂണിറ്റുകളിൽ നടത്തണം. ശനിയാഴ്ചകളിൽ നൈറ്റ് വിജിലുകൾ നടത്താൻ ഫൊറോന പ്രസിഡന്റുമാർ പ്രത്യേകം ശ്രദ്ധിക്കണം.

## യുവജനദിനാഘോഷം - നസ്രാണി 2k23

2023 സമിതിയുടെ യുവജനദിനാഘോഷം ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി ഫൊറോനകളുടെ സംയ്കുത ആഭിമുഖ്യത്തിൽ ചെമ്പേരിയിൽവച്ച് 2024 ഏപ്രിൽ 27 വൈകുന്നേരം 4:30-ന് നടത്തി. യുവജനാഘോഷത്തിന്റെ ഭാഗമായി പൊതുസമ്മേളനവും ദിവ്യകാരുണ്യ പ്രദക്ഷിണവും മെഗാ ഫ്യൂഷൻ നൈറ്റും ഉണ്ടായിരുന്നു.

## ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ മെമ്മോറിയൽ അവാർഡ്

ഈ വർഷത്തെ ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അവാർഡിന് ചെമ്പേരി സാന്ത്വനം പാലിയേറ്റീവ് കെയർ യൂണിറ്റിന് നല്കാൻ തീരുമാനിച്ചു. ക്യാൻസർ രോഗികളുടെ പരിചരണത്തിനും മറ്റ് രോഗിപരിചരണ രംഗത്തും നല്കുന്ന സമാനതകളില്ലാത്ത സേവനമാണ് സാന്ത്വനം പാലിയേറ്റീവ് യൂണിറ്റിനെ അവാർഡിന് അർഹമാക്കിയത്. ഏപ്രിൽ 27 ന് നടക്കുന്ന യുവജനസംഗമത്തിൽ അവാർഡ് വിതരണം ചെയ്തു.

## ക്രിക്കറ്റ് ടൂർണമെന്റ് മെയ് 18

മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ ട്രോഫിക്കായുള്ള ക്രിക്കറ്റ് ടൂർണ്ണമെന്റിന്റെ 3-ാം ഭാഗം മെയ് 18-ന് മേരിഗിരി ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. പ്രസിഡന്റുമാർ ടീമുകളെ രജിസ്റ്റർ ചെയ്യിപ്പിക്കുമല്ലോ.

## ക്രൂശിതനരികെ

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ കുരിശിന്റെ വഴി തീർത്ഥാടനം താബോർ കുരിശടിയിലേയ്ക്ക് നടന്നു. തബോർ പള്ളിയിൽനിന്നും ആരംഭിച്ച കുരിശിന്റെ വഴിയിൽ മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. മാലോം ഫൊറോന ഡയറക്ടർ ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ കുരിശിന്റെ സന്ദേശം നല്കി. വികാരി ഫാ. തോമസ് പൂവൻപുഴ, ചെറുപുഴ ഫൊറോന ഭാരവാഹികൾ യുവജനനേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## സ്നേഹ ഭവനം

സഹപ്രവർത്തകന് കൈത്താങ്ങായി നിർമ്മിക്കുന്ന സ്നേഹ ഭവനത്തിന്റെ തറകെട്ടൽ പൂർത്തിയായി. ഭിത്തിയുടെ പണികൾ പുരോഗമിക്കുന്നു. സുമനസ്സുകളുടെ സഹായത്തോടെയാണ് ഭവന നിർമ്മാണം നടത്തുന്നത്. വിവിധ ഫൊറോനകളിൽ നിന്നും സഹായസഹകരണങ്ങൾ ലഭിക്കുന്നുണ്ട്. തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## ഷേർളിയമ്മയ്ക്ക് നന്ദിയോടെ...

കഴിഞ്ഞ ഒരുവർഷക്കാലം തലശ്ശേരി അതിരൂപതാ കെസിവൈഎം-ന്റെ വൈസ് ഡയറക്ടറായി സേവനം ചെയ്ത ബഹു. സി. ഷേർളി MSMI-ക്ക് നന്ദിയർപ്പിക്കുന്നു. കെസിവൈഎം സംസ്ഥാന കലോത്സവം, തലശ്ശേരി യൂത്ത് കോൺഫ്രൻസ് ക്യാമ്പ്, അതിരൂപതാ ഓഫീസിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങൾ, കെസിവൈഎം-ന്റെ അനുദിന വരവുചിലവ് കണക്കുകൾ, പ്രോഗ്രാമുകളുടെ ക്രമീകരണം തുടങ്ങിയ ശുശ്രൂഷകൾ ബഹു. സിസ്റ്റർ ഏറ്റവും ആത്മാർപ്പണത്തോടെ നിർവ്വഹിച്ചു. MSMI സാൻജോസ് പ്രൊവിൻസിന്റെ കൗൺസിലിറായി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. ഷേർളി മാത്യുവിന് ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## HAWGOUT യുവജനസംഗമം

കെസിവൈഎം കാസർഗോഡ് ഫൊറോനയുടെ നേതൃത്വത്തിൽ ബദിയടുക്ക പള്ളിയിൽവച്ച് യുവജന സംഗമം നടത്തി. ശ്രീ. ജോബി മൂലയിൽ ക്ലസ്സെടുത്തു. 200-ഓളം യുവജനങ്ങൾ പങ്കെടുത്തു.

## നൈറ്റ് വിജിൽ

കെസിവൈഎം മണിക്കടവ് ഫൊറോനയുടെ നേതൃത്വത്തിൽ മുണ്ടാനൂർ ദൈവാലയത്തിൽവച്ച് നൈറ്റ് വിജിൽ സംഘടിപ്പിച്ചു. വി. കുർബാനയും കുമ്പസാരവും യൂത്ത് ടോക്കും ഉണ്ടായിരുന്നു.

## ആനി ജോർജിന് അഭിനന്ദനങ്ങൾ

സിവിൽ സർവ്വീസ് പരീക്ഷയിൽ 93-ാം റാങ്ക് നേടിയ ആലക്കോട് ഫൊറോന കാർത്തികപുരം ഇടവകയിലെ ആനി ജോർജിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

### വയലിൻ ക്ലാസ്സ്

കെസിവൈഎം മണിക്കടവ് ഫൊറോനയുടെ നേതൃത്വത്തിൽ വയലിൻ ക്ലാസ് സംഘടിപ്പിക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ മണിക്കടവിൽ ക്ലാസ് നടക്കും.

### കപട മതേതരത്വം അപലപനിയം

തെലുങ്കാനയിൽ വൈദികരെ ആക്രമിച്ച് സ്കൂൾ തകർത്തതിനെതിരേ ശക്തമായ പ്രതിഷേധവുമായി തലശ്ശേരി കെസിവൈഎം. മതേതര ഭാരതത്തിന് തീരാകളങ്കമാണ് ഇത്തരം പ്രവർത്തനങ്ങളെന്ന് യുവജനങ്ങൾ പ്രതികരിച്ചു.

തളിപ്പറമ്പ് പുഷ്പഗിരിയിലെ കോൺവെന്റിന് നേരേയുണ്ടായ സാമൂഹ്യവിരുദ്ധരുടെ ആക്രമണത്തിനെതിരേ ശക്തമായ പ്രതിഷേധം അറിയിച്ച് തലശ്ശേരി കെസിവൈഎം.

### പ്രവർത്തിദിനമാക്കിയതിൽ പ്രതിഷേധം

പെസഹാവ്യാഴം, ദുഃഖവെള്ളി എന്നീ ദിനങ്ങൾ പ്രവർത്തിദിനമാക്കിയതിനെതിരെ പ്രതിഷേധവുമായി കെസിവൈഎം രംഗത്തെത്തി.

### FUEGO യുവജന സംഗമം

തോമാപുരം ഫൊറോനയുടെ യുവജനദിനാഘോഷം കുന്നുംകൈ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി അഞ്ഞൂറോളം യുവജനങ്ങൾ പങ്കെടുത്തു. അഭിനന്ദനങ്ങൾ...

### ഈസ്റ്റർ കിറ്റുമായി സ്നേഹയാത്ര

കെസിവൈഎം മണിക്കടവ് ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ ഈസ്റ്റർ കിറ്റ് വിതരണം നടത്തി. അഭിനന്ദനങ്ങൾ...

### പള്ളിമുറ്റം യുവജന സംഗമം

കെസിവൈഎം എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ, ഒരുമയിൽ ഒന്നായി തിരുമുറ്റത്ത് ഒന്നുചേർന്ന് പള്ളിമുറ്റം പ്രോഗ്രാം എടൂർ യൂണിറ്റിൽ വച്ച് മനോഹരമായി നടത്തി. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

### INVITIA Youth Gathering

വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ പള്ളിമുറ്റം പ്രോഗ്രാം ആഘോഷമായി നടത്തപ്പെട്ടു. വെള്ളരിക്കുണ്ട് ഫൊറോന പള്ളിയിൽ വച്ച് നടന്ന സംഗമം ഡോ. ജോൺസൺ അന്ത്യാങ്കുളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടറും മുന്നൂറോളം യുവജനങ്ങളും പങ്കെടുത്തു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്തൊലേറ്റ്

കുടുംബങ്ങളും ക്രൈസ്തവ സമൂഹങ്ങളും തമ്മിലുള്ള ബന്ധം അത്രമേൽ പ്രധാനപ്പെട്ടതാണ്. സഭ ആത്മീയ കുടുംബവും കുടുംബം ഗാർഹിക സഭയും ആയിരിക്കെ ഈ ബന്ധം സ്വാഭാവികവും ദൈവ സ്ഥാപിതവുമാണ്. കുടുംബവും ഇടവകയും ആത്യന്തികമായി ദൈവിക സ്രോതസ്സിൽ നിന്ന് ഉയിരെടുക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മ സാക്ഷാത്ക്കരിക്കപ്പെടുന്ന ഇടങ്ങളാണ്. ഇക്കാരണത്താൽ കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടതും വളർത്തേണ്ടതും ഇടവകയുടേയും സഭയുടേയും സവിശേഷദൗത്യമാണ്. യാഥായോഗ്യം ഈ ദൗത്യം കാലഘട്ടത്തിനിണങ്ങുന്ന രീതിയിൽ നമുക്ക് നിർവഹിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഏപ്രിൽ 2-4 തീയതികളിലായി തലശ്ശേരിയിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 105 പേർ സംബന്ധിച്ചു. ഏപ്രിൽ 18-20 തീയതികളിൽ പടന്നക്കാട് വെച്ച് നടത്തിയ കോഴ്സിൽ 75 പേർ പങ്കെടുത്തു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

• ഈ വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

### (a) അഗതിമന്ദിര സന്ദർശനം

അതിരൂപതാതല ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി മാർച്ച് 23ന് അതിരൂപതാ ഭാരവാഹികളും പേരാവൂർ മേഖലാഭാരവാഹികളും കോളയാട് യൂണിറ്റ് ടീം അംഗങ്ങളും ചേർന്ന് കോളയാട് ദൈവദാൻ സെന്റർ സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിക്കുകയും അഗതിമന്ദിരം വൃത്തിയാക്കുകയും ചെയ്തു. ഡയറക്ടർ അച്ചൻ ഈസ്റ്റർ സന്ദേശം നല്കി. പേരാവൂർ മേഖലയിലെ അമ്മമാരും അതിരൂപതയും ചേർന്ന് 12000 രൂപ ധനസഹായം നല്കി സഹായിച്ചു.

ഏപ്രിൽ 10 ന് അതിരൂപതാഭാരവാഹികളും മാലോം മേഖലാഭാരവാഹികളും ചുള്ളി യൂണിറ്റ് ടീം അംഗങ്ങളും ചേർന്ന് ചുള്ളി ജീവൻ ജ്യോതി ആശ്രമത്തിൽ രാവിലെ മുതൽ ഉച്ചവരെയുള്ള സമയം വിവിധതരം ശുശ്രൂഷകൾ നടത്തുകയും മാലോം ഫൊറാനയിലെ അമ്മമാരും അതിരൂപതയും ചേർന്നു 21500 രൂപ സാമ്പത്തികസഹായം നല്കുകയും ചെയ്തു.

### (b) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം

ഏപ്രിൽ 13-ാം തീയതി പനത്തടി മേഖലയുടെ ജ്വാല പ്രോഗ്രാം കള്ളാർ പള്ളിയിൽ വച്ചും ഏപ്രിൽ 27-ാം തീയതി മേരിഗിരി മേഖലയുടെ ജ്വാല റയരോം പള്ളിയിൽ വച്ചും നടത്തി. എല്ലാ മേഖലകളിലും മേഖലഭാരവാഹികളുടേയും യൂണിറ്റ് ഭാരവാഹികളുടേയും സജീവസാന്നിധ്യം ഉണ്ടായിരുന്നു.

### (c) മേഖലാ സന്ദർശനം

അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ ഏപ്രിൽ 6ന് പൈസക്കരി മേഖലയും, ഏപ്രിൽ 16 ന് വായാട്ടുപറമ്പ് മേഖലയും സന്ദർശിച്ചു. മേഖല

ഡയറക്ടർമാർ, ആനിമേറ്റർമാർ മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ച നടത്തി. തുടർപ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നല്കി.

## (d) കെസിബിസി വിമൻസ് കമ്മീഷൻ

കെസിബിസി വിമൻസ് കമ്മീഷൻ മലബാർ സോണൽ കോൺഫറൻസ് തലശ്ശേരി സന്ദേശഭവനിൽ വെച്ച് നടത്തപ്പെട്ടു. വിമൻസ് കമ്മീഷൻ തലശ്ശേരി അതിരൂപത സെക്രട്ടറി ശ്രീമതി മിനി മംഗലത്തിൽ പ്രസ്തുത സമ്മേളനത്തിന് സ്വാഗതം അർപ്പിച്ചു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് ആമുഖ പ്രഭാഷണം നടത്തി. കെസിബിസി വിമൻസ് കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീമതി ജെയ്ൻ ആൻസിൽ ഫ്രാൻസീസ് സമ്മേളനത്തിന് അധ്യക്ഷ പദവി അലങ്കരിക്കുകയും ചെയ്തു. തലശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. കെസിബിസി വിമൻസ് കമ്മീഷൻ ചെയർമാനും പാലക്കാട് രൂപത അധ്യക്ഷനുമായ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. നാഷണൽ എക്സിക്യൂട്ടീവ് സെക്രട്ടറിയും, വിമൻസ് കമ്മീഷന്റെ സിബിസിഐ കൗൺസിൽ അംഗവുമായ സി. നവ്യ എഫ്സിസി മുഖ്യപ്രഭാഷണം നടത്തി സംസാരിച്ചു. കെസിബിസി വിമൻസ് കമ്മീഷന്റെ സ്പിരിച്വൽ ഡയറക്ടർ ഫാ. ബിജു കല്ലിങ്കൽ ആശംസ അർപ്പിച്ച് സംസാരിച്ചു. തലശ്ശേരി അതിരൂപത ആതിഥേയത്വം വഹിച്ച ഈ സമ്മേളനത്തിൽ തലശ്ശേരി, താമരശ്ശേരി, മാനന്തവാടി, കണ്ണൂർ, ബത്തേരി, കോഴിക്കോട്, എന്നീ രൂപതകളിൽ നിന്നുള്ള 80 ഓളം അമ്മമാർ പങ്കെടുത്തു. അതിരൂപതയിൽ വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിച്ച് 10 വനിതകളെ പ്രസ്തുത സമ്മേളനത്തിൽ ആദരിച്ചു. തലശ്ശേരി അതിരൂപതയിലുള്ള അമ്മമാരുടെ വിവിധ തരത്തിലുള്ള കലാപരിപാടികൾ സമ്മേളനത്തെ കൂടുതൽ മികവുള്ളതാക്കി മാറ്റുകയും ചെയ്തു.

## e) വിവിധ മത്സര പരിപാടികൾ

**1) പുകവലി വിരുദ്ധദിന ചാർട്ട് നിർമ്മാണ മത്സരം:** പുകവലി വിരുദ്ധദിനമായ മാർച്ച് 13ന് പുകവലി വിരുദ്ധദിന ചാർട്ട് നിർമ്മാണ മത്സരത്തിൽ 150 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ഷീനമ്മ പടിഞ്ഞാറേടം, കരുവഞ്ചാൽ
രണ്ടാം സമ്മാനം : സോളി നടുവിൽപുരയിടത്തിൽ, പെരിങ്കരി
മൂന്നാം സമ്മാനം : ട്രീസ പുതുപ്പറമ്പിൽ, പാടിയോട്ടുചാൽ

**2) കുരിശിന്റെ വഴി രചനാ മത്സരം:** വലിയ നോമ്പിൽ അമ്മമാർക്കായി നടത്തിയ കുരിശിന്റെ വഴി രചനാ മത്സരത്തിൽ 70-ഓളം പേര് പങ്കെടുത്തു. സ്വന്തമായ വിചിന്തനങ്ങളും പ്രാർത്ഥനകളും ചേർത്ത് അർത്ഥവത്തായി കുരിശിന്റെ വഴി തയ്യാറാക്കിയ അമ്മമാർക്ക് അനുമോദനങ്ങൾ.

**വിജയികളായവർ**

ഒന്നാം സമ്മാനം : ഏലിയാമ്മ അറയ്ക്കൽ, കരുവഞ്ചാൽ
രണ്ടാം സമ്മാനം : റീജ സാം മൂലയിൽ, അട്ടക്കണ്ടം
മൂന്നാം സമ്മാനം : ചെങ്ങോം യൂണിറ്റ്
നാലാം സമ്മാനം : ആശ തടത്തിൽപുരയിടത്തിൽ, ആടാംപാറ
അഞ്ചാം സമ്മാനം : സോഫിയാമ്മ ചൊവ്വാറ്റുകുന്നേൽ, പുളിങ്ങോം

**3) ദിവ്യകാരുണ്യ ആൽബം നിർമ്മാണമത്സരം**

ദിവ്യകാരുണ്യ വർഷം പ്രമാണിച്ച് മാർച്ച് മാസത്തിൽ നടത്തിയ ദിവ്യകാരുണ്യ ആൽബ നിർമ്മാണമത്സരത്തിൽ 125 ഓളം യൂണിറ്റുകൾ (ആളുകൾ) പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ഡോ കാർമ്മലി കൂട്ടുങ്കൽ, കുമ്പള യൂണിറ്റ്
രണ്ടാം സമ്മാനം : പെരിങ്കരി യൂണിറ്റ്
മൂന്നാം സമ്മാനം : പുളിങ്ങോം യൂണിറ്റ്
നാലാം സമ്മാനം : പയ്യന്നൂർ യൂണിറ്റ്
അഞ്ചാം സമ്മാനം : കാഞ്ഞിരക്കൊല്ലി യൂണിറ്റ്

f) **ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

മെയ് 9 - സ്നേഹഭവൻ, ചരൾ

g) **ദിവ്യകാരുണ്യ വർഷ ജ്വാല**

മെയ് 4 - കാഞ്ഞങ്ങാട്
മെയ് 25 - പേരാവൂർ

h) **ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

മെയ് 24 - 8.00 pm - 09.00 pm

**4) ഏപ്രിൽ മാസത്തെ മാർഗ്ഗരേഖ**

1 - മാതാവിന്റെ വണക്കമാസം തൊഴിലാളി മദ്ധ്യസ്ഥനായ ഔസേപ്പിതാവിന്റെ തിരുനാൾ - യൂണിറ്റ് തലത്തിൽ തൊഴിലാളികൾക്ക് ഒരു നേരത്തെ ഭക്ഷണം നല്കി ആദരിക്കുക.

4 - ജ്വാല @ കാഞ്ഞങ്ങാട്

6 - വി. ഡൊമിനിക്ക് സാവിയോ - ഈ വർഷം ആദ്യകുർബ്ബാന സ്വീകരിച്ച കുട്ടികളെ സമ്മാനങ്ങൾ നല്കി ആദരിക്കുക.

9 – കർത്താവിന്റെ സ്വർഗ്ഗാരോഹണം – അതിരൂപതാതല ജീവകാരുണ്യ പ്രവർത്തനം @ സ്നേഹഭവൻ ചരൾ

12 – അന്താരാഷ്ട്ര നഴ്സസ് ദിനം – ഓരോ യൂണിറ്റിലെയും നഴ്സുമാരെ ആദരിക്കുക.

14 – അന്താരാഷ്ട്ര മാതൃദിനം – എല്ലാ അമ്മമാർക്കും ആശംസ നല്കുക. എല്ലാ മേഖലകളിലും സമുചിതമായി ആചരിക്കുക.

15 – അന്താരാഷ്ട്ര കുടുംബദിനം – യൂണിറ്റ് തലത്തിൽ സമുചിതമായി ആഘോഷിക്കുക. അതിരൂപതാതല ആഘോഷം 15ന് ശനി 10.00 മണിക്ക് @ വെള്ളരിക്കുണ്ട്.

19 – പന്തക്കുസ്താതിരുനാൾ – കുടുംബം ഒരുമിച്ച് പരിശുദ്ധാത്മാവിന്റെ ഗാനം ആലപിക്കുക.

24 – ദിവ്യകാരുണ്യ വർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00 pm – 9.00pm)

25 – ജ്വാല @ പേരാവൂർ

26 – പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ – മൂന്നു പ്രാവശ്യം ത്രിത്വസ്തുതി ചൊല്ലുക.

30 – പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ – യൂണിറ്റുതലത്തിൽ സമുചിത മായി ആദരിക്കുക.

31 – മാതാവിന്റെ സന്ദർശനം – ഇടവകയിലെ ഗർഭിണികളായ സ്ത്രീകളെ സന്ദർശിച്ച് പ്രാർത്ഥിക്കുക.

**പ്രത്യേകപ്രവർത്തനങ്ങൾ**

- **ദിവ്യകാരുണ്യ ക്വിസ് മത്സരം–** മെയ് 25 ശനി @ തളിപ്പറമ്പ്

1) "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" എന്ന അപ്പസ്തോലിക ലേഖനം (അപ്പസ്തോലിക ലേഖനം ഫാമിലി ഓഫീസിൽ ലഭ്യമാണ് വില 60 രൂപ)

2) സീറോ മലബാർ സഭയുടെ കുർബ്ബാനക്രമം (കുർബ്ബാന പുസ്തകം)

- മഴക്കാലത്തിനു മുന്നോടിയായി പൊതുശുചീകരണം നടത്തുക
- മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ വെബിനാർ നടത്തുക.

## III. സീറോമലബാർ മാട്രിമോണി

സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

## V). പ്രോലൈഫ് മാരേജ് ബ്യൂറോ


മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VI. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com


**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ആദരാഞ്ജലികൾ**



ചെമ്പേരി നിർമ്മല ഹൈസ്കൂൾ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന ജോബിറ്റ് ബിജു സൈക്കിൾ അപകടത്തിൽ 12/04/2024 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്ക്കാര ശുശ്രൂഷകൾ 13/04/2024 ന് വൈകുന്നേരം മൂന്നു മണിക്ക് രത്നഗിരി സെൻ്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ സംസ്ക്കരിച്ചു. വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു. ആദരാഞ്ജലികൾ.



ചെമ്പേരി നിർമ്മല ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ജൂഡ്‌വിൻ ഷൈജു ജീപ്പ് നിയന്ത്രണം വിട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ 21/04/2024 ന് ദൈവസന്നിധിയിലേക്ക് യാത്രയായി. 21/04/2024 ന് വൈകുന്നേരം 5 ന് ചെമ്പേരി ലൂർദ്ദ് മാതാ ഫൊറോന പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. ഹയർസെക്കണ്ടറി അധ്യാപകരായ ഷൈജു സാറിന്റെയും ശോഭ ടീച്ചറിന്റെയും മൂത്തമകനാണ്. ജൂഡ്‌വിന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു. ആദരാഞ്ജലികൾ.

അകാലത്തിൽ പൊലിഞ്ഞ കുരുന്നുകൾക്കായി നമുക്ക് പ്രാർത്ഥിക്കാം...

**കെസിബിസി സന്മാർഗ്ഗശാസ്ത്ര പരീക്ഷ കോർപ്പറേറ്റ് തല റിസൽട്ട്**

2024 ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച നടത്തിയ കെ.സി.ബി.സി. സംസ്ഥാനതല സന്മാർഗ്ഗശാസ്ത്ര പരീക്ഷയിൽ തലശ്ശേരി

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ നിന്നും 260 വിദ്യാർത്ഥികൾ (IV-98, VII-89, X-51, XII-22) പരീക്ഷ എഴുതി. സംസ്ഥാന തല സമ്മാനങ്ങൾക്ക് നമ്മുടെ വിദ്യാർത്ഥികൾ ആരും അർഹത നേടിയിട്ടില്ല. IV, VII ക്ലാസ്സുകൾക്ക് 50 മാർക്കിന്റെ ചോദ്യങ്ങളും, X, XII ക്ലാസ്സുകൾക്ക് 60 മാർക്കിന്റെ ചോദ്യങ്ങളുമാണ് ഉണ്ടായിരുന്നത്. കോർപ്പറേറ്റ് തലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

**IV-ാം ക്ലാസ്**

1-ാം സ്ഥാനം - നിഹ മെറിൻ സോണി, പാലാവയൽ എൽ.പി.എസ് (മാർക്ക് 46.75)

2-ാം സ്ഥാനം - ധ്യാൻ ദേവ് വിനോദ്, വയത്തൂർ യു.പി.എസ് (മാർക്ക് 46)

3-ാം സ്ഥാനം - നഫ്രീദിയ ടി എൻ വയത്തൂർ യു.പി.എസ്. (മാർക്ക് 45.25)

**VII-ാം ക്ലാസ്**

1-ാം സ്ഥാനം - അലോണ ആന്റണി, തോമാപുരം എച്ച്.എസ് (മാർക്ക് 42.25)

2-ാം സ്ഥാനം - മാത്യൂസ് ജോൺ, വീർപ്പാട് യു.പി.എസ്. (മാർക്ക് 42)

3-ാം സ്ഥാനം - നിവേദ്യ ബിജു, കച്ചേരിക്കടവ് യു.പി.എസ്. (മാർക്ക് 41.5)

**X-ാം ക്ലാസ്**

1-ാം സ്ഥാനം - ദേവനന്ദ കെ എസ്, എടൂർ എച്ച്.എസ്. (മാർക്ക് 52)

2-ാം സ്ഥാനം - നിരഞ്ജന വെങ്കാരത്ത് ചെറുപുഴ എച്ച്.എസ് (മാർക്ക് 46)

3-ാം സ്ഥാനം - ജിഷിത റോസ് റോയ്, വെള്ളരിക്കുണ്ട് എച്ച്.എസ് (മാർക്ക് 45)

**XII-ാം ക്ലാസ്**

1-ാം ാം സ്ഥാനം - സപര്യ സജി എടൂർ, എച്ച്.എസ്.എസ്. (മാർക്ക് 49)

2-ാം ാം സ്ഥാനം - വിസ്മയ തെരേസ ബെന്നി, പാലാവയൽ എച്ച്.എസ്.എസ്. (മാർക്ക് 46.25)

3-ാം ാം സ്ഥാനം - ചെൽസി ഗ്രേയ്സ് ജോണി, കുന്നോത്ത് എച്ച്.എസ്.എസ് (മാർക്ക് 46)

## അവധിക്കാല പരിശീലനം

അവധി കാലങ്ങളിൽ കുട്ടികൾക്ക് വ്യക്തിത്വ വികസനം, സ്പോട്സ്, ഗെയിംസ് തുടങ്ങിയ വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. രക്ഷിതാക്കാളുമായി നല്ല ബന്ധം പുലർത്തി അടുത്ത അധ്യയന വർഷത്തേക്കുള്ള വിദ്യാർത്ഥികളെ കണ്ടെത്താൻ തീവ്രമായി പരിശ്രമിക്കണം. ഓരോ ക്ലാസ്സുകളിലെയും അധ്യാപകരുടെ പങ്കാളിത്തം ഇതിനായി ഉറപ്പുവരുത്തണം.

2024-2025 അധ്യയന വർഷത്തെ മതബോധന, സന്മാർഗ്ഗ ശാസ്ത്ര പുസ്തകങ്ങളുടെ ഓർഡർ ഫോം അയക്കുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ

സ്ഥാപനം എന്ന നിലയിൽ നമ്മുടെ വിദ്യാർത്ഥികളുടെ മതബോധന-സന്മാർഗ്ഗ ശാസ്ത്രപഠനം കാര്യക്ഷമമായി നടത്തുവാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇവയുടെ പഠനം കാര്യക്ഷമമായി നടത്താൻ പാഠപുസ്തകങ്ങൾ അത്യാവശ്യമാണ്. മുൻവർഷങ്ങളിൽ ചില സ്കൂളുകളെങ്കിലും നാമമാത്ര പുസ്തകങ്ങൾ മാത്രമേ വാങ്ങിയിട്ടുള്ളൂ. ഓരോ ക്ലാസ്സിലെയും കുട്ടികൾക്ക് ആവശ്യമുള്ള സന്മാർഗ്ഗ ശാസ്ത്രപുസ്തകവും കത്തോലിക്ക കുട്ടികൾക്കുള്ള മതബോധന പുസ്തകവും വാങ്ങേണ്ടതാണ്.

### സ്കൂൾ ഓഫീസ് പ്രവർത്തനങ്ങൾ

നമ്മുടെ സ്കൂൾ ഓഫീസുകളിൽ നിന്ന് കാര്യക്ഷമവും സത്വരവുമായ സേവനങ്ങൾ പൊതുസമൂഹവും റിട്ടയർ ചെയ്ത അധ്യാപകരും നിലവിലുള്ള അധ്യാപകരും പ്രതീക്ഷിക്കുന്നുണ്ട്. വളരെ ഭംഗിയായി ഓഫീസ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന കുറെ സ്കൂളുകളുണ്ട്. എന്നാൽ ചില സ്കൂളിലെ ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല.

പ്രധാന അധ്യാപകരും, ഓഫീസ് സ്റ്റാഫും ഓഫീസ് രേഖകൾ ഉചിതമായ രീതിയിൽ ക്രമീകരിക്കുക എന്നതാണ് സേവനം കാര്യക്ഷമമാക്കുക എന്നതിന്റെ ആദ്യപടി. ഈ അവധിക്കാലത്തിന്റെ തുടക്കത്തിൽ തന്നെ അധ്യാപകരുടെ സഹകരണത്തോടെ ഓഫീസ് രേഖകൾ ക്രമീകരിക്കാനും ഫയൽ നമ്പർ സിസ്റ്റം നടപ്പിലാക്കാനും ശ്രദ്ധിക്കണം.

ഈ വർഷം റിട്ടയർ ചെയ്യുന്നവരുടെ സർവ്വീസ് ബുക്കുകൾ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് അയച്ചെന്ന് കരുതുന്നു. റിട്ടയർ ചെയ്യുന്നവർക്ക് ജൂൺ മാസത്തിൽ തന്നെ പെൻഷൻ ലഭിക്കണമെന്ന ചിന്തയോടെ വിദ്യാഭ്യാസ ഓഫീസുകളുമായി ബന്ധപ്പെട്ട് രേഖകൾ നീക്കണം. ഏതൊക്കെ രേഖകളാണ് ഇത് സംബന്ധിച്ച് നൽകേണ്ടത് എന്ന് പഠിക്കുകയാണ് പ്രധാനം. പലരേഖകളും ഉൾപ്പെടുത്താതെയും അശ്രദ്ധമായി കൈകാര്യം ചെയ്ത് തെറ്റുകൾ വരുത്തിയും ഫയലുകൾ നീക്കുമ്പോൾ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വൈകാൻ ഇടയാകും. വിദഗ്ധരായവരോട് കാര്യങ്ങൾ ചോദിച്ച് പഠിച്ച് സേവനങ്ങൾ യഥാസമയം നൽകാൻ ശ്രദ്ധിക്കണം. ചില സ്കൂൾ ഓഫീസുകൾ ഇക്കാര്യത്തിൽ വളരെ മാതൃകാപരമായാണ് പ്രവർത്തിക്കുന്നത്.

റിട്ടയർ ചെയ്യുന്ന പ്രധാന അധ്യാപകർ ഏറ്റവും അടുത്ത ദിവസം തന്നെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെ ഓഡിറ്റിന് ക്ഷണിക്കണം. അധ്യാപകരുടെ സർവ്വീസ് സംബന്ധമായ വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിലേക്ക് പോകുമ്പോൾ ഓഫീസ് സ്റ്റാഫ് ഓരോ അധ്യാപകരിൽ നിന്ന് പണം സ്വീകരിക്കുന്ന രീതി നമ്മുടെ ചില സ്കൂളുകളിൽ ഉണ്ടെന്ന പരാതിയുണ്ട്. പ്രധാനാധ്യാപകർ നമ്മുടെ സ്കൂളുകളിൽ ഇപ്രകാരമൊരു പ്രവർത്തനശൈലി

ഉണ്ടെങ്കിൽ അത് നിർത്തലാക്കണം. പകരം വിവിധ ആവശ്യങ്ങൾക്കായി പോകുന്ന ഓഫീസ് സ്റ്റാഫിന് സ്കൂളിൽ ഒരു പൊതുഫണ്ട് ക്രമീകരിച്ച് അതിൽ നിന്ന് ഉചിതമായ യാത്രബത്ത നൽകണം. അധ്യാപകർക്ക് ഈ പൊതുഫണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.

ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് കൃത്യമായ പ്ലാനുണ്ടാക്കണം. അതുവഴി ആവർത്തിച്ച് വിവിധ ഓഫീസുകളിലേക്കുള്ള യാത്രയുടെ എണ്ണം കുറയ്ക്കാനാകും. പ്രധാനാധ്യാപകർ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ക്ലാസ് ഡിവിഷൻ

നമ്മുടെ സ്കൂളുകളിൽ ഡിവിഷൻ നഷ്ടപ്പെടാതിരിക്കാൻ എല്ലാ അധ്യാപകരും അനധ്യാപകരും പ്രധാനാധ്യാപകനോട് ചേർന്ന് ഒത്തൊരുമയോടെ പ്രവർത്തിക്കണം. അവധിക്കാലങ്ങളിൽ പരമാവധി കുട്ടികളെ നമ്മുടെ സ്കൂളുകളിൽ ചേർക്കണം. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ തങ്ങളുടെ മക്കളെ പഠിപ്പിക്കുന്ന അധ്യാപകർ ആ കുട്ടികളെ നമ്മുടെ സ്കൂളിൽ നിർബന്ധമായും മെയ് മാസം 15-നു മുമ്പ് ചേർക്കേണ്ടതാണ്. ഇത് നമ്മുടെ സഹ അധ്യാപകരോട് ചെയ്യുന്ന ഒരു പരിഗണനയാണെന്ന് ഓർക്കേണ്ടതാണ്.

സ്നേഹത്തണൽ, ടീച്ചേഴ്സ് ഗിൽഡ്, മാസ്റ്റർമൈൻഡ് എന്നിവയുടെ തുക ഇതുവരെയും അടയ്ക്കാത്ത സ്കൂളുകൾ എത്രയും പെട്ടെന്ന് കോർപ്പറേറ്റ് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

സ്നേഹത്തണൽ ഭവന പദ്ധതിക്കുള്ള അപേക്ഷ തരാൻ ആഗ്രഹിക്കുന്നവർക്ക് അപേക്ഷ ഓഫീസിൽ നൽകാവുന്നതാണ്.

## സദ്ഗമയ വാർത്ത പത്രിക

ഈ വർഷത്തെ മൂന്നാമത്തെ പതിപ്പ് നിങ്ങളുടെ കൈകളിൽ ഇതിനോടകം എത്തിയിട്ടുണ്ടെന്ന് കരുതുന്നു. ഈ മാസികയെ അണിയിച്ചൊരുക്കാൻ നിങ്ങളുടെ സർഗാത്മക കഴിവുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. കഥ, കവിത, ഉപന്യാസം, യാത്രാവിവരണം എന്നൂ രൂപത്തിൽ തയ്യാറാക്കി സദ്ഗമയ മാസികയുടെ ചീഫ് എഡിറ്ററായിരിക്കുന്ന ശ്രീ. ജിനിൽ മർക്കോസ് (കിളിയന്തറ എച്ച്എസ്എസ്) സാറിനെ ഏല്പിക്കാവുന്നതാണ്.

## സ്കൂൾ റിപ്പോർട്ട്

2023-2024 വർഷത്തെ സ്കൂൾ പ്രവർത്തന റിപ്പോർട്ട് വിലയിരുത്തലിനായി നിങ്ങൾ ഓഫീസിൽ സമർപ്പിച്ചിരുന്നല്ലോ. ഈ റിപ്പോർട്ട് വിലയിരുത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ഓരോ സ്കൂളിലെയും റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നും നിങ്ങൾക്ക് സൗകര്യമുള്ളപ്പോൾ വന്ന് കൊണ്ടുപോകാവുന്നതാണ്.

**തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ 2024 – 2027 വർഷത്തെ ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികൾ**

**(1) പ്രസിഡണ്ട്**

ശ്രീ. ജിനിൽ മാർക്കോസ്, സെന്റ് തോമസ് എച്ച്.എസ്.എസ്.
കിളിയന്തറ – 8848859766

**(2) സെക്രട്ടറി**

ശ്രീ. റോബിൻ എം ഐസക്ക്, സെന്റ് മേരീസ് എച്ച്.എസ്.
എടൂർ – 9447729722

**(3) ട്രഷർ**

ശ്രീ. ജോയിസ് സഖറിയാസ്, സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.
നെല്ലിക്കുറ്റി – 9656519645

**(4) സംസ്ഥാന പ്രതിനിധികൾ**

(1) ശ്രീമതി. റിൻസി അബ്രഹാം, സെന്റ് ജ്യൂഡ്സ് എച്ച്.എസ്.എസ്.
വെള്ളരിക്കുണ്ട് – 9446439949

(2) ശ്രീ. മാത്യു ജോസഫ്, സെന്റ് ജോസഫ്സ് യു.പി.എസ്.
കുന്നോത്ത് – 9446651307

**(5) മേഖല പ്രതിനിധികൾ**

(1) ശ്രീമതി. അഞ്ജന സാഗർ, കാരിസ് യു.പി.എസ്. മാട്ടറ – 9497516477

(2) ശ്രീ. ജിമ്മി സൈമൺ, സെന്റ് ജോസഫ്സ് യു.പി.എസ്.
ജോസ്ഗിരി – 9847259098

**(6) എക്സിക്യൂട്ടീവ് അംഗങ്ങൾ**

(1) ശ്രീമതി. പ്രിയ മാത്യു, സെന്റ് മേരീസ് എച്ച്.എസ്.
കടുമേനി – 8921011420

(2) ശ്രീമതി. ബീന ജേക്കബ്, ചെറുപുഷ്പ എൽ.പി.എസ്.
ചന്ദനയ്ക്കാംപാറ – 9544868615

(3) ശ്രീ. ജോമി ജോസഫ്, സെന്റ് മേരീസ് എൽ.പി.എസ്.
എടൂർ – 9747098535

തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് പ്രവർത്തന നിരതമായ ഒരു കാലഘട്ടം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**മോൺ. മാത്യു എം ചാലിൽ മെമ്മോറിയൽ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

**10,000/രൂപ വാർഷിക ഫീസിൽ 200 വിദ്യാർത്ഥികൾക്ക് B.Tech പഠനം**

- +1 പരീക്ഷക്ക് (Physics, Chemistry & Maths) 90% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്ന 200 വിദ്യാർത്ഥികൾക്ക് ഒരു വർഷം 10,000/- രൂപ മാത്രം ട്യൂഷൻ ഫീസ് നൽകി B.Tech പഠിക്കാം.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 85% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 15,000/- രൂപ വീതം സ്കോളർഷിപ്പ്.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 80% - ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 10,000/-രൂപ വീതം സ്കോളർഷിപ്പ്.

നിബന്ധനകൾ
- +2 റിസൾട്ടിനുശേഷം, +2 മാർക്കുകളായിരിക്കും പരിഗണിക്കുക.
- B.Tech അഡ്മിഷന്, KEAM യോഗ്യത നിർബന്ധമായിരിക്കും.
- CSE, ADS എന്നീ ബ്രാഞ്ചുകളിൽ സ്കോളർഷിപ്പ് സീറ്റുകൾ പരിമിതം.

| KEAM RANK SCHOLARSHIP 2023 | |
|---|---|
| KEAM Rank 1 - 5000 | Scholarship : Entire College Fee |
| Rank 5001 - 8000 | Scholarship : 2,65,400/- (66,350x4 year)<br>Tution Fee = Government Fee only |
| Rank 8001 - 10000 | Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | Scholarship : 20,000/- (5000x4 year) |

യോഗ്യരായവർക്ക് QR കോഡ് സ്കാൻ ചെയ്ത് ഈ സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്

SCAN ME!

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക**
**04602212240, 04602213900**

**പ്ലേസ്മെന്റ് വാർത്തകൾ May 2024**

- ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന TERV PRO, Technical Trainer, position നുവേണ്ടി വിമൽജ്യോതിയിൽ CAMPUS RECRUITMENT നടത്തുകയും 5 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രതിവർഷം 4 ലക്ഷം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- **Mechanical, Civil** വിദ്യാർത്ഥികൾക്കായി NACTET Scholarship,

Exam 1 ARMSTECH ENGINEERS, സിവിൽ മെക്കാനിക്കൽ Department -A-നിന്നും ഓരോ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. 3 മാസത്തെ സൗജന്യ പരിശീലനത്തിനു ശേഷം CORE കമ്പനികളിൽ ജോലി നല്കും.

- **UAE** ആസ്ഥാനമാക്കിയ Alnakeel Electronics 2024 പഠനം പൂർത്തിയാക്കുന്ന ECE/AEI വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 2024 ൽ CAMPUS RECRUITMENT നടത്തുന്നു. UAE ആയിരിക്കും Posting. Overseas Recruitment ആയതിനാൽ ഡിഗ്രി സർട്ടിഫിക്കറ്റ് നിർബന്ധമായതിനാലാണ് ഓഗസ്റ്റ് മാസം റിക്രൂട്ട്മെന്റ് നടത്തുന്നത്.
- **Mechanical** കോർ കമ്പനികളായ Accurate Edge Precision Equipment Industries, Bangalne, April 5 ന് കാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 5 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രതിവർഷം 2 ലക്ഷത്തിലധികം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ഇന്ത്യൻ MNC കമ്പനികളായ TCS April 26 മുതൽ Campus Recruitment നടത്തുന്നു. വിമൽജ്യോതിയിൽനിന്നും 200 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. മെയ് മാസം 20-ാം തീയതിയോടെ Selection process പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്രമുഖ പ്രൈവറ്റ് ബാങ്കായ FEDERAL BANK LTD. April 10,15,16 തീയതികളിലായി കാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. Non Officer/Clerical Cadre ലേക്കാണ് റിക്രൂട്ട്മെന്റ്. പ്രതിവർഷം 6 ലക്ഷം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്. വിമൽജ്യോതിയിൽ നിന്നും 146 കുട്ടികൾ ഏപ്രിൽ 10-ാം തീയതി നടത്തിയ ടെസ്റ്റിൽ പങ്കെടുത്തു. മെയ് മാസം പകുതിയോടെ ഫൈനൽ സെലക്ഷൻ ലിസ്റ്റ് ലഭ്യമാകുമെന്ന് കരുതുന്നു.

## എം.ബി.എ. വാർത്തകൾ

**വിമൽ ജ്യോതിയിൽ സമ്മർ ഇന്റൺഷിപ്പ് പ്രോഗ്രാം**

കമ്പനികളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും ബിസിനസിന്റെ പ്രായോഗികമായ അറിവുകൾ നേടുവാനുമായി വിമൽജ്യോതി എം.ബി.എ. കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ പത്ത് ദിവസത്തെ സമ്മർ ഇന്റൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കുന്നു. ഏപ്രിൽ മാസം 29 മുതൽ മെയ് മാസം 8 വരെ നീളുന്ന പ്രോഗ്രാമിൽ വിവിധങ്ങളായ കമ്പനികളിൽ വിദ്യാർത്ഥികൾ ജോലി ചെയ്യുകയും കമ്പനികളുടെ പ്രവർത്തനങ്ങളെപ്പറ്റിയും മാർക്കറ്റിംഗിനെപ്പറ്റിയും കൂടുതൽ പ്രായോഗികമായ അറിവുകൾ നേടുകയും ചെയ്യും.

കോളേജിലെ എം.ബി.എ. നാലാം സെമസ്റ്റർ വിദ്യാർത്ഥികള് കേരളത്തിലും പുറത്തുമുള്ള വിവിധങ്ങളായ കമ്പനികളിൽ പ്രോജക്ട് ചെയ്യാനായി പുറപ്പെട്ടു. 45 ദിവസം നീണ്ടുനില്ക്കുന്ന അവരുടെ പ്രോജക്ട്‌വർക്ക് ജൂൺ ആദ്യവാരം അവസാനിക്കും.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, +8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ മെയ് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## അവധിക്കാല പ്രോഗ്രാമുകൾ

**കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്**

UP, HIGH SCHOOL, HITHER SECONDARY SCHOOL കുട്ടികൾക്ക് വേണ്ടി മെയ് 1 മുതൽ 15 വരെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നടത്തപ്പെടുന്നു.

അഡ്മിഷൻ എടുക്കാൻ ഓഫീസുമായി ബന്ധപ്പെടുക.

**ഡിജിറ്റൽ ട്രെയിനിങ് (FOR PRIESTS, NUNS AND TEACHERS)**

വൈദികർ, സിസ്റ്റേഴ്സ്, ടീച്ചേഴ്സ് എന്നിവർക്ക് വേണ്ടി ഡിജിറ്റൽ ട്രെയിനിംഗ് നടത്തപ്പെടുന്നു.

**Training on**

1. Artificial intelligence tools
2. Chat GPT
3. Professional PowerPoint presentation
4. Microsoft Word and Excel
5. Canva editing tools.
    - ക്ലാസുകൾ മെയ് ഒന്നു മുതൽ 15 വരെ
    - ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്ക് അഡ്മിഷൻ.
    - കോഴ്സ് ഫീസ് 1500

**കോഡിങ് ക്യാമ്പ്**

അവധിക്കാലത്ത് സ്കൂൾ കുട്ടികൾക്ക് വേണ്ടി കോഡിങ് ക്യാമ്പ് നടത്തപ്പെടുന്നു.


- മെയ് 6 മുതൽ 11 വരെ
- യുപി മുതൽ ഹയർസെക്കൻഡറി വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം
- സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്
- കോഴ്സ് ഫീസ് 750 രൂപ
- ആദ്യം ബുക്ക് ചെയ്യുന്നവർക്ക് അവസരം

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

## വിശുദ്ധ നാട് - യൂറോപ്പ് യാത്രകൾ

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ നേതൃത്വത്തിൽ 2024 സെപ്റ്റംബർ അവസാന ആഴ്ചയിൽ 15 ദിവസത്തേക്ക് യൂറോപ്യൻ യാത്ര ക്രമീകരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യുന്നതിനും വിശദവിവരങ്ങൾ അറിയുന്നതിനും **7306266198** എന്ന നമ്പറിൽ വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. ഒരു സന്തോഷവാർത്ത**

കുടുംബക്കൂട്ടായ്മ, പി.പി.എഫുമായി ബന്ധപ്പെട്ട വൈദീക ക്ഷേമകാര്യങ്ങൾ, ഏയ്ഞ്ചൽ ഡയാലിസിസ് പദ്ധതി തുടങ്ങിയ കാര്യങ്ങൾ ക്രമീകൃതമായവിധം നടപ്പിലാക്കാൻ സന്ദേശഭവനിൽ ഒരു ഓഫീസ് തയ്യാറായിട്ടുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങൾക്കായി ഇനിമുതൽ ഈ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**2. സ്വാഗതം**

പുതിയ ഓഫീസ് സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് ആനിമേറ്ററായി നേതൃത്വം കൊടുക്കുന്ന ബഹു. സിസ്റ്റർ ലിസി തെങ്ങുംമൂട്ടിലിനും ബ്രദർ ജോസഫ് കലവനാലിനും ഹൃദ്യമായ സ്വാഗതം. വിജയാശംസകൾ!

**3. പ്രത്യേകശ്രദ്ധക്ക്**

a. കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് ഫൊറോനാ അടിസ്ഥാനത്തിൽ ജൂൺമാസം മുതൽ ഒരു പരിശീലന സംഗമം നടത്തുകയാണ്. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തുന്ന പ്രസ്തുത സമ്മേളനത്തിൽ ബഹു. വികാരിയച്ചന്മാരും സിസ്റ്റേഴ്സും എല്ലാ കുടുംബക്കൂട്ടായ്മ ഭാരവാഹികളും താല്പര്യപൂർവ്വം പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

| b. ഫൊറോന | തീയതി | സമയം |
|---|---|---|
| 1. പേരാവൂർ | 20.06.2024 | 09.30 a.m |
| 2. എടൂർ | 20.06.2024 | 02.30 p.m |
| 3. തളിപ്പറമ്പ | 22.06.2024 | 02.30 p.m |

| | | | |
|---|---|---|---|
| 4. | മണിക്കടവ് | 27.06.2024 | 09.30 a.m |
| 5. | പൈസക്കരി | 27.06.2024 | 02.30 p.m |
| 6. | കുന്നോത്ത് | 28.06.2024 | 02.30 p.m |
| 7. | വായാട്ടുപറമ്പ | 01.07.2024 | 09.30 a.m |
| 8. | ആലക്കോട് | 01.07.2024 | 02.30 p.m |
| 9. | നെല്ലിക്കാംപൊയിൽ | 05.07.2024 | 02.30 p.m |
| 10. | ചെമ്പന്തൊട്ടി | 08.07.2024 | 09.30 a.m |
| 11. | ചെമ്പേരി | 08.07.2024 | 02.30 p.m |
| 12. | മേരിഗിരി | 20.07.2024 | 09.30 a.m |
| 13. | ചെറുപുഴ | 20.07.2024 | 02.30 p.m |
| 14. | തോമാപുരം | 27.07.2024 | 09.30 a.m |
| 15. | വെള്ളരിക്കുണ്ട് | 27.07.2024 | 02.30 p.m |
| 16. | മാലോം | 01.08.2024 | 09.30 a.m |
| 17. | പനത്തടി | 01.08.2024 | 02.30 p.m |
| 18. | കാസർഗോഡ് | 12.08.2024 | 09.30 a.m |
| 19. | കാഞ്ഞങ്ങാട് | 12.08.2024 | 02.30 p.m |

c. മാർച്ച് മാസത്തിലെ വിഷയാധിഷ്ഠിത ക്ലാസ്സ് കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്തതിന്റെ റിപ്പോർട്ട് ഇനിയും തരാനുള്ളവർ ഉടൻ നല്കുമല്ലോ.

d. മെയ്മാസം ചർച്ചചെയ്യേണ്ട വിഷയാധിഷ്ഠിത ക്ലാസ്സ് വാട്സാപ്പിൽ മെയ് ഒന്നിന് ലഭ്യമാക്കുന്നതാണ്.

e. മാസാവസാനം യൂണിറ്റ്തല റിപ്പോർട്ടുകൾ സമാഹരിച്ച്, ക്രോഡീകരിച്ച റിപ്പോർട്ട് ഇടവക കോർഡിനേറ്റർ രൂപതാ ഓഫീസിലേയ്ക്ക് അയക്കണം. കുടുംബക്കൂട്ടായ്മകളുടെ കോ-ഓഡിനേഷൻ ഇടവകാ കോർഡിനേറ്റർമാരുടെ പ്രധാന ഉത്തരവാദിത്വമാകയാൽ ഇടവക കോർഡിനേറ്റർമാരുടെയും ബഹു. വികാരിയച്ചന്റെയും പേരും ഒപ്പും രൂപതയിലേയ്ക്കയ്ക്കുന്ന റിപ്പോർട്ടിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

f. എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ കൃത്യതയോടെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### ലിറ്റിൽ ഫ്ളവർ ബധിര വിദ്യാലയം വാറങ്കൽ

ഒന്ന്, രണ്ട് തീയതികളിൽ പൂർവ്വ വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് സെഷൻസ് സംഘടിപ്പിച്ചു. കുടുംബ ജീവിതത്തിൽ പ്രതിസന്ധികൾ അനുഭവിക്കുന്ന ദമ്പതികൾ കൗൺസിലിംഗ് സെഷനുകളിൽ പങ്കുചേർന്നു.

### മഡോണ ബധിര വിദ്യാലയം വിജയവാഡ

മഡോണ സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ വിജയവാഡയിൽ നടത്തപ്പെടുന്ന ബധിര വിദ്യാലയവും കോളേജും സന്ദർശിച്ച് മാനേജ്മെൻറ്, കുട്ടികൾ എന്നിവരുമായി സംഭാഷണം നടത്തി. സ്കൂൾ, കോളേജ് കുട്ടികൾക്കായി ആദം മിനിസ്ട്രി ചെയ്തുവരുന്ന ശുശ്രൂഷ രംഗങ്ങളെ പരിചയപ്പെടുത്തുകയും തുടർന്ന് വരുന്ന അധ്യയന വർഷത്തിൽ ക്ലാസുകൾക്ക് അവസരങ്ങൾ ഒരുക്കുന്നതിനെകുറിച്ച് തീരുമാനിക്കുകയും ചെയ്തു.

### ആദ്യകുർബാന ഒരുക്കം

വിജയവാഡ സെന്റ് ബെനഡിക്ട് ഇടവകയിലെ ബധിര കുഞ്ഞുങ്ങളായ കൗശിക്, കാർത്തിക് എന്നിവർക്ക് വിശ്വാസ പരിശീലനം നൽകുകയും ദിവ്യകാരുണ്യ നാഥനെ സ്വീകരിക്കുവാൻ അവരെ ഒരുക്കുകയും ചെയ്തു.

### ഭിന്നശേഷി സൗഹൃദ ഇലക്ഷൻ 2024

ഒൻപതാം തീയതി വ്യാഴാഴ്ച കണ്ണൂർ കളക്ട്രേറ്റിൽ സംഘടിപ്പിച്ച സൗഹൃദ ഇലക്ഷൻ ക്യാമ്പയിൻ ഭാഗമായി ആംഗ്യഭാഷയിൽ 2024 പാർലമെൻറ് ഇലക്ഷനെകുറിച്ചും ഭിന്നശേഷിക്കാർക്കും സീനിയർ സിറ്റിസെൻസിനും ഒരുക്കിയിരിക്കുന്ന പ്രത്യേക ക്രമീകരണങ്ങളെക്കുറിച്ച്

ആംഗ്യഭാഷയിൽ അവതരണം നൽകി. കണ്ണൂർ കളക്ട്രേറ്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെൻറ് വീഡിയോ പ്രസിദ്ധീകരിച്ചു. ഇലക്ഷൻ ഡ്യൂട്ടിയുടെ ഭാഗമായി ഓൺലൈൻ വീഡിയോ കോൺഫ്രസുകൾ വഴി ബധിര വോട്ടർമാർക്ക് സഹായങ്ങൾ നൽകി വരുന്നു.

## ബാംഗ്ലൂർ മിഷൻ

14 ഞായറാഴ്ച ബാംഗ്ലൂർ കൂട്ടായ്മ ഒരുമിച്ച് ചേരുകയും പരിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വാർഷിക ധ്യാനത്തിൽ പങ്കുചേരുവാൻ കൂടുതൽ ആളുകളെ കണ്ടെത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

## ദി ലീഡർ ചെറുപുഷ്പ മിഷൻ ലീഗ്

പതിനേഴാം തീയതി ബുധനാഴ്ച അതിരൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ദി ലീഡർ പ്രോഗ്രാമിൽ കുട്ടികളെ പരിചയപ്പെടുകയും, ആദം മിനിസ്ട്രിയെ കുറിച്ച് സംസാരിക്കുകയും ചെയ്തു. കുട്ടികൾക്ക് ആംഗ്യഭാഷയിൽ പരസ്പരം പരിചയപ്പെടുവാൻ പഠിപ്പിക്കുകയും ഭിന്നശേഷി സമൂഹത്തോടുള്ള നമ്മുടെ പ്രതിബദ്ധതയെകുറിച്ച് അവബോധം നൽകുകയും ചെയ്തു.

## കൗൺസിലിംഗ്

18, 19 തീയതികളിൽ വിവിധ ഇടങ്ങളിൽ നിന്ന് എത്തിയ ആളുകൾക്ക് കൗൺസിലിംഗ് നൽകി.

## ആലക്കോട് മിഷൻ

ആലക്കോട് കൂട്ടായ്മയിലെ അംഗങ്ങൾക്കായി 21 ഞായറാഴ്ച പരിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും ബൈബിൾ പഠനക്ലാസ് നടത്തുകയും ചെയ്തു. മെയ് ആദ്യ വാരത്തിൽ നടത്തപ്പെടുന്ന ജോസഫ് തേർമടത്തിന്റെ പൗരോഹിത്യ സ്വീകരണത്തിലും തുടർന്ന് നടത്തപ്പെടുന്ന വാർഷിക ധ്യാനത്തിലും പങ്കുചേരുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും സാധിക്കുന്നത്ര സാധിക്കുന്ന ആളുകളെ അതിൽ പങ്കെടുപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### അതിരൂപതാ എക്സിക്യൂട്ടീവ്

തലശ്ശേരി അതിരൂപത കെ.സി.ബി.സി. മദ്ധ്യവിരുദ്ധ സമിതി യുടെയും, മുക്തിശ്രീയുടെയും അതിരൂപത എക്സിക്യൂട്ടീവ് യോഗം മാർച്ച് മാസം ഇരുപത്തിയാറാം തീയതി നടത്തപ്പെട്ടു. ബിഷപ്സ് ഹൗസിൽ വച്ച് ചേർന്ന യോഗത്തിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. സംഘടനകളുടെ കഴിഞ്ഞ പ്രവർത്തന വർഷത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. ഈ സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ പരിപാടികൾ പ്ലാൻ ചെയ്തു. മാർഗ്ഗരേഖയുടെ കരടുരൂപം തയ്യാറാക്കി. മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ ഫാ. മാത്യു കാരിക്കൽ സ്വാഗതവും കെ.സി.ബി.സി. മദ്ധ്യവിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് ശ്രീ. ടോമി വെട്ടിക്കാട്ടിൽ നന്ദിയും അറിയിച്ചു.

### ഏകദിന ശില്പശാല

ലഹരിമുക്ത ജീവിതം നയിക്കുന്നവരുടെ കുടുംബജീവിതം കൂടുതൽ ഊഷ്മളമാക്കുവാൻ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഏപ്രിൽ മാസം അഞ്ചാം തീയതി പ്രതീക്ഷ മദ്യപാനരോഗ ചികിത്സാലയത്തിൽ വച്ച് നടത്തിയ പ്രോഗ്രാമിൽ ഏകദേശം 65 ഓളം ആളുകൾ പങ്കെടുത്തു. പ്രശസ്ത ഫാമിലി കൗൺസിലിംഗ് വിദഗ്ധനായ റവ. ഡോ. റെന്നി അരിപ്ലാക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. മദ്ധ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മാത്യു കാരിക്കൽ പ്രാരംഭമായുള്ള യോഗത്തിൽ അധ്യക്ഷത വഹിച്ചു. പ്രതീക്ഷയിലെ സ്റ്റാഫ് അംഗങ്ങൾ ആവശ്യമായ ക്രമീകര ണങ്ങൾ നടത്തി.

**വേൾഡ് ഓറൽ ഹെൽത്ത് ഡേ**

വേൾഡ് ഓറൽ ഹെൽത്ത് ഡേ ആഘോഷത്തിന്റെ ഭാഗമായി പ്രതീക്ഷ ഡി അഡിക്ഷൻ സെന്ററും, മാഹി ഇൻസ്റ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് ആൻഡ് ഹോസ്പിറ്റലും ആയി സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സും, ഡെന്റൽ ചെക്കപ്പും നടത്തപ്പെട്ടു. ഡെന്റൽ കോളേജിലെ ഡോക്ടർമാരായ ഡോ. സുബൈർ, ഡോ. മുന്നാസ് ജഹൻ, ഡോ. ഹരിഭാരത്, ഡോ. സ്വാതി, ഡോ. കീർത്തന തുടങ്ങിയവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകി. ഫാ. മാത്യു കാരിക്കൽ മീറ്റിംഗിൽ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീ. സുബിൻ നന്ദിയും അറിയിച്ചു.

**ഫാ. മാത്യു കാരിക്കൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

ടി. എസ്. എസ്. എസ്.

## SHG & JLG ലോണുകൾ

വെല്ലുവിളികൾ ഏറെ നേരിട്ടുകൊണ്ടിരിക്കുന്ന നമ്മുടെ കർഷക സമൂഹത്തിന് ഒരു കൈത്താങ്ങായി നിലകൊള്ളുന്ന SHG & JLG ലോണുകളുടെ പ്രവർത്തനങ്ങൾ ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ ഭംഗിയായി തുടരുന്നു. ലോണുകൾക്കായിട്ടുള്ള ഡോക്യുമെന്റ് വെരിഫിക്കേഷൻ എല്ലാ റീജിയണുകളുടെയും പൂർത്തിയായി ലോൺ വിതരണം ആരംഭിച്ചു. 199 JLG കളിലായി 995 ആളുകൾക്ക് 5 കോടി 97 ലക്ഷം രൂപ ലോണായി നൽകി. അതോടൊപ്പം തന്നെ 20 SHG കളിലായിട്ടുള്ള 239 ഓളം അംഗങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ലോണായി നൽകി കഴിഞ്ഞു.

## സജീവം

വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി മാതാപിതാക്കൾക്ക് ഒരു ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് പേരാവൂർ സെന്റ് ജോസഫ് ഫൊറോന പള്ളിയുടെ ഹാളിൽ വെച്ച് നടത്തി. ടിഎസ്എസ്എസ് സജീവം കോർഡിനേറ്റർ അലീന സണ്ണിയുടെ നേതൃത്വത്തിൽ സോഷ്യൽ വർക്ക് ട്രെയിനികളും എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് ക്ലാസ് സംഘടിപ്പിച്ചത്. പേരാവൂർ ഡിവിഷൻ സിവിൽ എക്സൈസ് ഓഫീസർ ശിവദാസൻസാറാണ് ക്ലാസ് നയിച്ചത്.

## ആശാകിരണം ഇൻഷുറൻസ് പദ്ധതി

ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട്

പോകുന്നു. തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരും അതോടൊപ്പം തന്നെ നിരവധി ആളുകളും കെയർ ഹെൽത്ത് പോളിസി യിൽ ഇതിനോടകം തന്നെ അംഗങ്ങൾ ആയിട്ടുണ്ട്. ഈ സേവനങ്ങളെ കുറിച്ച് കൂടുതൽ അറിയുന്നതിനായി 9496684784 എന്ന നമ്പറിൽ വാട്സ്ആപ്പ് വഴിയോ, ഫോൺ വഴിയോ ബന്ധപ്പെടുക. ഹോസ്പിറ്റലുകളിൽ അഡ്മിറ്റ് ആകുമ്പോൾ ഇൻഷുറൻസിന് അച്ചന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. അഡ്മിറ്റ് ആകുമ്പോൾ തന്നെ ഹോസ്പിറ്റലുകളിൽ ഉള്ള ഇൻഷുറൻസ് Help Desk പോയിന്റുകളിൽ അറിയിക്കണം.

2. TSSSലുള്ള ഫാ. ബിബിൻ വരമ്പകത്തിനെയോ (9645408161) കെയർ ഹെൽത്ത് എക്സ്പേർട്ട് ശ്രീ. ജിഷിത്തിനെയോ (+91 96569 09900) വിവരം അറിയിക്കുക. ഇത് അഡ്മിറ്റ് ആകുമ്പോൾ തന്നെ നിർബന്ധമായും ചെയ്യാൻ ശ്രമിക്കുമല്ലോ.

## കാൻസർ പരിശോധനാ ക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർ ഗോഡ് ജില്ലകളിലായി നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പുകളുടെ ഭാഗമായി ഫെബ്രുവരി 8-ാം തീയതി നെല്ലിക്കാംപൊയിൽ ആർസിസി ഓഫീസിൽ വച്ച് കാൻസർ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു. അടുത്ത മാസത്തെ ക്യാമ്പ് മെയ് 2-ാം തീയതി ആലക്കോട് ആർസിസി ഓഫീസിൽ വെച്ച് നടത്തപ്പെടും. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ടിഎസ്എസ്എസിന്റെ റീജിയണൽ ഭാരവാഹികളയുമായി ബന്ധപ്പെടുക.

## പുരപ്പുറ (Rooftop) സോളാർ പദ്ധതി

കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള സബ്സീഡി ലഭിക്കുന്ന തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ (Rooftop Solar Power Plant Project), 25 വീടുകളിൽ പാനലുകൾ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സാധാരണ ഗതിയിൽ ഒരു കുടുംബത്തിന് വേണ്ടി വരുന്ന 3 KWP സോളാർ പവർ യൂണിറ്റ് സോഷ്യൽ സർവീസ് സൊസൈറ്റി വഴി നിർവഹണ ഏജൻസിക്കു 1,12,500 രൂപ നൽകി വീടുകളിൽ സ്ഥാപിക്കാവുന്നതാണ്. ഇതിൽ ഒരു ലക്ഷം രൂപ കാനറാ ബാങ്കിൽ നിന്നും ലോണായും എടുക്കാൻ സാധിക്കുന്നതാണ്. 5 വർഷത്തേക്ക് എല്ലാ മാസവും 1980 രൂപ വെച്ചാണ് തിരിച്ചടവ് വരിക. താല്പര്യമുള്ളവർ 9496684784 എന്ന നമ്പറിൽ വാട്സ് ആപ്പ് വഴിയോ, ഫോൺ വഴിയോ ബന്ധപ്പെടുക.

### നമ്മുടെ വീട്

നമ്മുടെ വീട് പദ്ധതിയുടെ ഭാഗമായുള്ള വീടുകളുടെ പണി തോമാപുരത്തും തളിപ്പറമ്പിലും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. തളിപ്പറമ്പിൽ ടിഎസ്എസ്എസ് ദാനമായി നൽകിയ സ്ഥലത്ത് മൂന്ന് വീടുകളുടെ പണികൾ ഇതിനോടകംതന്നെ പൂർത്തിയാകാറായിട്ടുണ്ട്. തോമാപുരത്ത് മേലേപ്പറമ്പിൽ സാജൻ മാത്യു സൗജന്യമായി നൽകിയ സ്ഥലത്ത് ബാക്കി വീടുകൾക്കായിട്ടുള്ള സ്ഥലം ലെവൽ ചെയ്തും കഴിഞ്ഞിരിക്കുന്നു. ജൂൺ 15 ന് താക്കോൽ ദാനം നിർവഹിക്കാൻ സാധിക്കുന്ന രീതിയിലാണ് പണികൾ മുൻപോട്ട് പോകുന്നത്. അതിനാൽ അതിലേക്ക് പണമായോ, ഉപയോഗിക്കാൻ സാധിക്കുന്ന മറ്റ് സാധനങ്ങളായ പഴയ ഓടുകളോ, കട്ടിളകളോ, ജനലുകളോ തന്ന് സഹായിക്കാൻ സാധിക്കുന്നവരുണ്ടെങ്കിൽ അറിയിക്കണമെന്ന് ഓർമിപ്പിക്കുന്നു.

### കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

റേഡിയോ ഫോർ യു 89.6 FMൽ പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം. റേഡിയോ ഫോർ യു 89.6 FM ൽ അവധിക്കാലത്ത് കുട്ടികൾക്ക് കഥ, കവിത, കഥാപ്രസംഗം, സംഗീതം, കഥാപ്രസംഗം, തുടങ്ങിയ പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ അവസരം ഉണ്ടായിരിക്കും. അവതരിപ്പിക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

റേഡിയോ ഫോർ യൂ 89.6 FM
PH: 9400608896

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**സൺഡേ സ്റ്റാൾ**

ടി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ബയോമൗണ്ടൻ ഉത്പന്നങ്ങളുടെ സൺഡേ സ്റ്റാൾ മണിക്കടവ് നെല്ലിക്കാംപൊയിൽ ഫൊറോനകളുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിലും ആരംഭിക്കുകയുണ്ടായി. ഇത് തീർത്തും മാതൃകാപരവും പ്രശംസാപരവും ആയിട്ടുള്ള കാര്യമാണ്. ദൈവാലയത്തിൽ വരുന്ന ആളുകൾക്ക് ബയോ മൗണ്ടൻ ഉത്പന്നങ്ങൾ ഇതുവഴി വാങ്ങി ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ബഹു. ജോസഫ് കാവനാടിയച്ചനും മണിക്കടവ് ഫൊറോന വികാരി ബഹു. പയസ് പടിഞ്ഞാറേമുറിയിലച്ചനും മറ്റു വൈദികർക്കും ടി.എസ്.എസ്.എസ്. പ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## സ്പൈസസ് യൂണിറ്റ്

യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ ഏറെ കൃത്യതയോടുകൂടി മുൻപോട്ട് നീങ്ങുകയാണ്. ഡിസംബർ 22 മുതൽ 15 ഓളം കറി പൗഡറുകളുടെ വിതരണം വ്യാപകമായി ചെയ്തു തുടങ്ങി. കറിപൗഡറുകൾക്ക് നല്ല രീതിയിൽ ഉള്ള പ്രതികരങ്ങൾ ആണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സാധനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ അതാത് പള്ളികളിലെ ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

**പരസ്പര സഹായ നിധി**

നമ്മുടെ എല്ലാ ഇടവകകളിലും 13 അല്ലെങ്കിൽ 26 പേരടങ്ങുന്ന വ്യക്തികളെ ചേർത്തുകൊണ്ട് വികരിയച്ചന്മാരുടെ പേരിൽ പരസ്പര സഹായ നിധിയിലൂടെ ബയോ മൗണ്ടന്റെ ഷെയർ എടുക്കുവാനായി എല്ലാ അച്ചന്മാരുടെയും സഹകരണം അപേക്ഷിക്കുന്നു. ഒരു മാസം

4000 രൂപ അടവ് വരുന്ന രീതയിൽ ഒരു വർഷം 52000 രൂപ നമുക്ക് കിട്ടുന്ന താണ്. ഈ 52000 രൂപയിൽ 2000 രൂപ നടത്തുന്ന ആൾക്കും, 50000 രൂപ തലക്കുറി ഷെയർ ആക്കി മാറ്റാനും നമുക്ക് സാധിക്കും. ആഴ്ചയിൽ 1000 രൂപ വെച്ചു ശേഖരിച്ചുകൊണ്ട് മാസത്തിൽ ഒരു തവണ വിളി വരുന്ന രീതിയിൽ ആവുമ്പോൾ എല്ലാവർക്കും എളുപ്പമാകുമല്ലോ. ചെറിയ ഇടവകകളിൽ ആവുമ്പോൾ അവിടെ 4000 രൂപ വെച്ച് എടുക്കുന്ന ആളുകൾ കുറവാണെങ്കിൽ ആഴ്ചയിൽ 500 രൂപ വെച്ച് എടുത്തുകൊണ്ട് 26 (13 പേരുടെ 2 ഗ്രൂപ്പ്) പേരടങ്ങുന്ന 2000 രൂപയുടെ പരസ്പര സഹായ നിധിയാണെങ്കിൽ നമുക്ക് അങ്ങനെയും ചെയ്യാൻ സാധിക്കുന്നതാണ്. ആർക്കും പൈസ നഷ്ടപ്പെടുന്നില്ല, തിരിച്ചു കിട്ടുകയും ചെയ്യുമല്ലോ. ഈ കാര്യങ്ങൾക്ക് ഇടവകയിൽ ആരെയെങ്കിലും ഉത്തരവാദിത്വപ്പെടുത്താനും അച്ചന്മാർ ശ്രദ്ധി ക്കുമല്ലോ. ക്രെഡിറ്റ് യൂണിയൻ ഉള്ള സ്ഥലങ്ങളിൽ അവിടെ ആൾക്കാ രോട് പറഞ്ഞിട്ടുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ വേറെ ആരെയെങ്കിലും ഉത്തര വാദിത്വപ്പെടുത്തുകയാണെങ്കിൽ എല്ലാ ഇടവകൾക്കും ഷെയർ ആകും. ആർക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒന്നും വരാത്ത രീതിയിൽ ചെയ്യാൻ സാധിക്കുന്ന ഈ പദ്ധതിയിൽ എല്ലാവരുടെയും സഹകരണം അപേക്ഷി ക്കുന്നു. ഇങ്ങനെ എടുക്കുന്നില്ലാത്തവർക്ക് സംഘടനകൾ വഴിയോ പള്ളി വഴിയോ 50000 രൂപ കണ്ടെത്താവുന്നതാണ്.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 മെയ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| മെയ് | 04 | : പ്രാർത്ഥനാദിനം (Live 6–9 pm) |
| | 05–09 | : ആന്തരീക സൗഖ്യ ധ്യാനം |
| | 11 | : വചനാഗ്നി (Live 9 am –2.30 pm, 6–9 pm) ഏകദിന കൺവെൻഷൻ |
| | 12–15 | : കന്നട ധ്യാനം |
| | 18 | : പ്രാർത്ഥനാദിനം (Live 6–9 pm) |
| | 19–23 | : ആന്തരീക സൗഖ്യ ധ്യാനം |
| | 25 | : പ്രാർത്ഥനാദിനം (Live 6–9 pm) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| മെയ് | 04, 18, 25 | : ഏകദിന ധ്യാനം |
| | 04–08 | : ആന്തരീക സൗഖ്യ ധ്യാനം |
| | 10–14 | : യുവജന ധ്യാനം |
| | 17 | : പ്രേഷിത കൂട്ടായ്മ |
| | 18–22 | : പരിശുദ്ധാത്മ അഭിഷേക ധ്യാനം |
| | 25–29 | : ആന്തരീക സൗഖ്യ ധ്യാനം |
| | 31 | : ജാഗരണ പ്രാർത്ഥന |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| മെയ് | 04 | : ഏകദിന ധ്യാനം (9 am – 2 pm) |
| | 05–08 | : പരിശുദ്ധാത്മാഭിഷേക ധ്യാനം (ഞായർ 4 മണി മുതൽ ബുധൻ 12 മണി വരെ) |
| | 18 | : മദ്ധ്യസ്ഥപ്രാർത്ഥന (2 pm – 4 pm) |
| | 25 | : പ്രേഷിത കൂട്ടായ്മ (2 pm – 4 pm) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| മെയ് | 03–05 | : ക്രിസ്റ്റീൻ ധ്യാനം (5–7 ക്ലാസ്സ്) |
| | 07–09 | : ക്രിസ്റ്റീൻ ധ്യാനം (8–+2 ക്ലാസ്സ്) |
| | 10 | : ജാഗരണ പ്രാർത്ഥന |
| | 12–16 | : ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| | 24–26 | : ആന്തരിക സൗഖ്യാനുഭവ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മാർച്ച് 2024

21 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ഒരുക്കിയ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചയോടെ നിർമ്മലഗിരി കോളേജിലെത്തി ഈ വർഷം വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം ആലക്കോട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ആലക്കോട്, ഒറ്റത്തൈ, കുട്ടാപറമ്പ്, നെല്ലിപ്പാറ, പരപ്പ ഇടവകകൾ സന്ദർശിച്ചു.

22 രാവിലെ മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിലെത്തിയ ശ്രീ. രമേശ് ചെന്നിത്തല, വി. ഡി. സതീശൻ എന്നിവരെ സ്വീകരിച്ചു. വൈകുന്നേരം ആലക്കോട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന മണക്കടവ്, കാർത്തികപുരം, ഉദയഗിരി, അരിവിളഞ്ഞപൊയിൽ എന്നീ ഇടവകകൾ സന്ദർശിച്ചു.

23 വി. യൗസേപ്പിതാവിന്റെ തീർത്ഥാടന ദൈവാലയ പ്രഖ്യാപനത്തോടനുബന്ധിച്ച് പനത്തടിയിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം തോമാപുരം സ്കൂളിലെത്തി പുതിയ മാത്സ് ലാബ് ഉദ്ഘാടനം ചെയ്തു.

24 കത്തീഡ്രൽ ദൈവാലയത്തിലെ ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു.

25 ആലക്കോട് ഫൊറോനാ ദൈവാലയത്തിൽവച്ച് മൂറോൻ വെഞ്ചരിപ്പ് ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ആലക്കോടുവച്ച് നടന്ന വൈദിക സമ്മേളനത്തിനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കല്ലുമുതിരക്കുന്ന് ഇടവകയിൽ നിര്യാതനായ ശ്രീ. തോമസ് മുളയോലിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം വീരാജ്പേട്ടയിൽവച്ച് നടത്തിയ സാങ്താ മാതാ നഴ്സിംഗ് കോളേജിന്റെ ലാംപ് ലൈറ്റിംഗ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

26 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കു ശേഷം കെ.സി.ബി.സി മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ് അംഗങ്ങളുമായി സംവദിച്ചു.

27 തലശ്ശേരി മൈനർ സെമിനാരിയിലെ മൂന്നാംവർഷ വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

28 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കണ്ണൂർ ഇടവകയിൽ നിര്യാതനായ ശ്രീ. മാത്യു നീരാക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

29 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ദു:ഖവെള്ളി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കണ്ണൂരിൽവച്ച് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കുചേർന്നു.

30 നെല്ലിക്കുറ്റിയിൽവച്ച് എം.എസ്.എം.ഐ സന്ന്യാസ സഭാംഗമായ സി. ഫീനയുടെ മൃതസംസ്കാരശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കണ്ണൂർ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. മാണി ആട്ടേൽ അച്ചനെ സന്ദർശിച്ചു.

31 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പിറവിത്തിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം എടൂർ മൈത്രിഭവന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

## ഏപ്രിൽ 2024

01 അതിരൂപതാ കേന്ദ്രത്തിൽവച്ച് റീജൻജി ബ്രദേഴ്സുമായി അഭിമുഖം നടത്തി.

02 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചരൾ ഇടവകയിലെത്തി എളമ്പാശ്ശേരിൽ ഡൊമിനിക്കിനും ഡീലനും മാമ്മോദീസാ നൽകി.

03 വെള്ളരിക്കുണ്ട് ഫൊറോനാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ആൽബിൻ കാവുകാട്ടിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കൊളക്കാട് ദൈവാലയത്തിലെത്തി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

04 അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ അനുസ്മരണാർത്ഥം കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് കരിക്കോട്ടക്കരിയിലെത്തി വിൻസെന്റ് ഡി പോൾ കോൺഫ്രറൻസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം ചരൾ ഇടവകയിൽവച്ച് അഖിൽ ജെയ്സൺ കാരക്കാട്ടിന്റെയും നമിത മാത്യു വാഴക്കാലായിലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് കുന്നോത്ത് ഇടവക പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രിയോടെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05 എറണാകുളം പി.ഓ.സി യിൽവച്ച് സീ ന്യൂസിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന പുതിയ സിനിമയുടെ ചിത്രീകരണോത്ഘാടനം നിർവ്വഹിച്ചു.

06 രാവിലെ കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ജൂബിലി, പ്രഥമ വ്രതസ്വീകരണ കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കാര്യപ്പള്ളി ദൈവാലയത്തിലെത്തി നവീകരിച്ച അൾത്താരയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് കാര്യപ്പള്ളി ഇടവകാംഗങ്ങളായ ബ്രദർ പോൾ പുതിയാപറമ്പിൽ, ബ്രദർ മാത്യു മൂന്നുപീടിക എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

07 ആനപ്പന്തി ഇടവക പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

08 തോമാപുരം ഫൊറോനാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ഡോൺ വലിയപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ദൈവവിളി ക്യാമ്പ് നടക്കുന്ന പരിയാരം, ചട്ടമല, ചെമ്പന്തൊട്ടി, അങ്ങാടിക്കടവ് സെന്ററുകൾ സന്ദർശിച്ചു. വൈകുന്നേരം മണിപ്പാറ ഇടവകയിൽവച്ച് ആഞ്ഞിലിത്തോപ്പിൽ ഐഡ മറിയത്തിന് മാമ്മോദീസാ നൽകി. രാത്രിയോടെ ഓൺലൈനായി ചേർന്ന വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജ് മാനേജ്മെന്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 കോഴിച്ചാൽ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജിതിൻ താണുപറമ്പിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കരിക്കോട്ടക്കരി ഇടവക പുതുതായി നിർമ്മിച്ച കപ്പേളയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

10 തലശ്ശേരിയിൽവച്ച് കെ.സി.ബി.സി വുമെൺസ് കമ്മീഷൻ മലബാർ സോൺ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

11 രാവിലെ ചട്ടമല ദൈവാലയത്തിലെത്തി ചെറുപുഷ്പ മിഷൻലീഗിന്റെ അതിരൂപതാ ക്യാമ്പിലായിരിക്കുന്ന കുട്ടികൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

12 തൃശൂരിൽവച്ച് ഫിയാത്ത് മിഷൻ സംഘടിപ്പിച്ച കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

13 രാവിലെ മേരിഗിരിയിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പേരിയിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം രത്നഗിരി ഇടവകയിൽ നിര്യാതനായ ജോബിറ്റ് വെണ്ണായപ്പിള്ളിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം കാലാങ്കി ഇടവകയിൽ പുതുതായി നിർമ്മിച്ച കല്ലറകളുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

14 താബോർ ഇടവകാ ദൈവാലയത്തിന്റെ ജൂബിലി സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. താബോർ ഇടവകാംഗവും ഈ വർഷത്തെ കർഷകശ്രീ അവാർഡ് ജേതാവുമായ ശ്രീ. അനീഷിന്റെ ഭവനവും കൃഷിത്തോട്ടവും സന്ദർശിച്ചു. തുടർന്ന് ചട്ടിവയലിലെത്തി ബഹു. നെല്ലുവേലി അച്ചനെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് രണ്ടാം വർഷ തിയോളജി വിദ്യാർത്ഥിളുമായി അഭിമുഖം നടത്തി.

15 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചരൾ ഇടവകയിൽവച്ച് ജസ്റ്റിൻ മുട്ടത്തിന്റെയും റോണിയ ചാമക്കാലായുടെയും വിവാഹം ആശീർവ്വദിച്ചു.

16 രാവിലെ പേരാവൂർ ഇടവകാ ദൈവാലയത്തിൽവച്ച് തിരുഹൃദയ സന്ന്യാസാംഗങ്ങളുടെ ജൂബിലി, വ്രതനവീകരണ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ഒന്നാംവർഷ തിയോളജി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

17 തലശ്ശേരി മൈനർ സെമിനാർ സെലക്ഷൻ ക്യാമ്പിലെത്തിയ കുട്ടികളുമായി അഭിമുഖം നടത്തി.

18 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരി സന്ദേശഭവനിൽവച്ച് ചേർന്ന

എ.കെ.സി.സി അതിരൂപതാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചെമ്പേരി കരുണാലയത്തിലെ ദീർഘകാല സേവനത്തിനുശേഷം പുതിയ പ്രവർത്തനമേഖലയിലേക്ക് യാത്രയാകുന്ന സി. ഡീന എസ്.ഡി യുടെ യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

19 ചെറുപുഴയിൽവച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റിജോയ്സ് പ്രോഗ്രാമിനെത്തിയ വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് മുളപ്ര ഇടവയിൽ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന അതിരൂപതാ മീഡിയാ സെല്ലിന്റെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 രാവിലെ പുളിങ്ങോം ഇടവകയിൽവച്ച് 41 കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണ ചടങ്ങിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് എമിലിയ ആൻ മുതുപാറക്കുന്നേലിന് മാമ്മോദീസ നൽകി. പതിനൊന്നുമണിയോടെ ജിൻസ് തയ്യിലിന്റെയും അഞ്ജിൽഡ പൂവന്നിക്കുന്നേലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് ചെറുപുഴ ഇടവകയിൽ നിര്യാതയായ അന്നക്കുട്ടി മാങ്കോട്ടിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയോടെ അതിരുമാവ് ദൈവാലയം സന്ദർശിച്ചു. വൈകുന്നേരം പരപ്പ ഇടവകയിൽവച്ച് ബോറിസ് മറ്റത്തിലിന്റെയും പേഴ്സി വാടവനയുടെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് പരിയാരം ഇടവകയിൽ നിര്യാതയായ ജോൺ പാലുവേലിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

MAY 2024

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 06:30 am | - | Josegiri Hospital: Jubilee |
| | 10:30 am | - | Cathedral: Vestition |
| | 04:00 pm | - | Nellippara |
| 02 | 10:00 am | - | Palavayal |
| | 02:00 pm | - | Karuvanchal Hospital: Ophthalmology Dept Inauguration |
| | 04:00 pm | - | Karuvanchal: Baptism |
| 03 | 09-12 pm | - | Thalassery: Visitors Day |
| 04 | 09:00 am | - | Ordination: Thabore |
| | 04:00 pm | - | Kiliyanthara: Parish Jubilee |
| 05 | | - | Ranny |
| 06 | 03:00 pm | - | Conference - II$^{nd}$ Philosophy Students |
| 07 | 09:30 am | - | Nellickampoil: Vestition, CMC |
| 08 | | - | Major Seminary Gathering |
| 09 | 09-12 pm | - | Thalassery: Visitors Day |
| | 03:00 pm | - | Conference - I$^{st}$ Philosophy Students |
| 10 | | - | VJEC |
| 11 | | - | Engaged |
| 12-20 | | - | Rome |
| 21 | 10:00 am | - | Consultors Meeting |
| 22 | 09-12 pm | - | Padannakkad: Visitors Day |
| | 03:30 pm | - | Pattuvam |
| 23 | | - | Pala |
| 24 | 09:00 am | - | Ernakulam: KCBC Media Seminar |
| 25 | 10:00 am | - | Retired Teachers Meet |
| 26 | | - | Mandapam: Pastoral Visit |
| 27 | 09:00 am | - | Kudiyanmala: Ordination |
| 29 | 09-12 pm | - | Thalassery: Visitors Day |
| 31 | 10:00 am | - | Thalassery: Sanjose School |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ഏപ്രിൽ 2024**

03 രാവിലെ പേരാവൂരിൽ നിര്യാതയായ സി. വിമല പ്ലാക്കാട്ട് എസ്എച്ച്-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ ബലിയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് നെല്ലിക്കാംപൊയിൽ ഇടവകയിൽ സത്യാംകുളം ജോർജ് എലിസബത്ത് ദമ്പതികളുടെ വിവാഹം ആശീർവദിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം വെളിമാനത്ത് നിര്യാതനായ മുള്ളൻകുഴിയിൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ നേതൃത്വം വഹിച്ചു.

04 വൈകുന്നേരം കുന്നോത്ത് ദൈവാലയത്തിൽ പുതിയതായി നിർമ്മിച്ച ഫാത്തിമ മാതാവിന്റെ കപ്പേളയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

05 രാവിലെ കിളിയന്തറയിൽ നിര്യാതയായ സി. ആന്റണിയ കാഞ്ഞിരത്തിങ്കൽ എസ്എബിഎസി-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു, വചനസന്ദേശം നൽകി.

06 രാവിലെ കുന്നോത്ത് സെന്റ് ജൂഡ് നഗറിൽ വിശുദ്ധ യൂദാ തദേവൂസിന്റെ തിരുനാളിന് പ്രാരംഭം കുറിച്ചുകൊണ്ട് കൊടിയേറ്റ് നടത്തുകയും തുടർന്ന് വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും നൊവേന പ്രാർത്ഥനകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു.

07 രാവിലെ കനകക്കുന്ന് കരുണാമയനായ ഈശോയുടെ ദൈവാലയ ത്തിൽ തിരുനാളിന് സമാപനം കുറിച്ചുകൊണ്ട് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

08 രാവിലെ മാനന്തവാടി കത്തീഡ്രലിൽ വെച്ച് അത്തിക്കൽ ബെൽബിൻ-അനുപ്രിയ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. പിന്നീട് ആരാധന മഠത്തിലെ പ്രായമായ സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

09 രാവിലെ അങ്ങാടിക്കടവിൽ വച്ച് നടന്ന ദൈവവിളി ക്യാമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം നവീകരിച്ച ചെങ്ങോം ദൈവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും തുടർന്ന് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

10 രാവിലെ മണക്കടവ് ഇടവകയിൽ കുട്ടികളുട ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി ബിഷപ്സ് ഹൗസിൽവച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

11 രാവിലെ കോതമംഗലം രൂപതയിലെ കുറുപ്പംപടി ഇടവകയിൽ കൈതക്കൽ അനൂപ്-ആൽഫി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

12 വൈകുന്നേരം കാലാങ്കി വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പ്കർമ്മം നിർവഹിക്കുകയും ചെയ്തു. ശേഷം സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുത്ത് അധ്യക്ഷപ്രസംഗം നടത്തി.

13 രാവിലെ കുന്നോത്ത് പള്ളിയിൽ വച്ച് നടന്ന സി. ഗ്രേസ് എഫ്സിസിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

14 രാവിലെ തിരുമേനി ഇടവകയിൽവച്ച് നടന്ന കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. പിന്നീട് ചട്ടിവയലിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. ജോർജ് നെല്ലിവേലി അച്ചനെയും സ്നേഹഭവനിലെ അന്തേവാസികളെയും സന്ദർശിക്കുകയും ചെയ്തു.

15 രാവിലെ പേരാവൂരിൽ നിര്യാതയായ സിസ്റ്റർ ഫിലിപ്പ് നേരി എസ്എച്ച്-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം വെമ്പുവ ഇടവകയിലെ തൊട്ടിയിൽ ജോമോൻ റോഷി എന്നിവരുടെ ഭവനം വെഞ്ചരിച്ച് നൽകി.

16 രാവിലെ കരിവേടകം ഇടവകയിലെ ജില്ന വാലയിലിന്റെ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

17 വൈകുന്നേരം എടൂർ ഇടവകയിലെ അലോന പുളിയമാക്കലിന്റെ ദിവ്യകാരുണ്യസ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

18 വൈകുന്നേരം കുന്നോത്ത് ഇടവകയിലെ കുന്നുംപുറത്ത് കുടുംബത്തിലെ തോമസ്-മറിയം ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനെ മാമ്മോദീസ നൽകുകയും മൂന്നാമത്തെ കുട്ടിയായ സെബിന്റെ ദിവ്യകാരുണ്യ സ്വീകരണത്തിൽ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി.

19 രാവിലെ മാങ്ങോട് നിര്യാതയായ മാടപ്പള്ളിയിൽ റോസമ്മയുടെ ഭവനം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. വൈകുന്നേരം മാനന്തവാടി രൂപത മഞ്ഞൂറ ഇടവകയിലെ വളവിൽ ഷിജുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

20 രാവിലെ തലശ്ശേരി ജോസ്ഗിരി നേഴ്സിംഗ് സ്കൂളിലെ കുട്ടികളുടെ ലാംപ് ലൈറ്റിംഗ് പരിപാടിയിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് കണിച്ചാർ ഇടവകയിലെ ആരാധനമഠത്തിലെ ചാപ്പലിലെ അൾത്താര കൂദാശ

ചെയ്തു. തുടർന്ന് കണിച്ചാർ ഇടവക പള്ളിയിലെ തിരുനാളിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

21 രാവിലെ മാനന്തവാടി രൂപതയിലെ കബനിഗിരി ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് നേതൃത്വം നൽകി.

22 രാവിലെ വെള്ളാട് ഇടവകയിലെ ഇഞ്ചനാംകുന്നേൽ ടോണി–ക്ലാര ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനെ മാമ്മോദീസ നൽകി.

13 വൈകുന്നേരം കുന്നോത്ത് സെമിനാരിയിൽ നടത്തപ്പെട്ട സെന്റ് ജോർജിന്റെ ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു

24 രാവിലെ തലശ്ശേരി അതിരൂപത കേന്ദ്രത്തിൽ വെച്ച് നടന്ന ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

26 വൈകുന്നേരം താമരശ്ശേരി രൂപത ചുണ്ടോത്തുംപോയിൽ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

27 രാവിലെ മാനന്തവാടി രൂപത ദ്വാരക ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

28 രാവിലെ മാനന്തവാടി രൂപതയിലെ തോണിച്ചാൽ ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം അങ്ങാടിക്കടവ് ഇടവകയിലെ ഏഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

29 രാവിലെ കുന്നോത്ത് എൻഎസ് നോവിഷ്യേറ്റ് ഹൗസിൽ സി. കാതറിൻ പറകൊട്ടിയേലിന്റെ ഫീസ്റ്റിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പുലിക്കുരുമ്പ ഇടവകയിൽവച്ച് നടന്ന എയ്ഞ്ചൽസ് മീറ്റിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു.

30 രാവിലെ ആര്യപ്പറമ്പ് ഇടവകയിലെ കാരാംകുന്നേൽ, ചിറ്റേത്ത് കുടുംബങ്ങളിലെ രണ്ടു കുട്ടികളുടെ മാമ്മോദീസായ്ക്കും നാലു കുട്ടികളുടെ കുർബാനസ്വീകരണത്തിനും മുഖ്യകാർമികത്വം വഹിച്ചു.

വൈകുന്നേരം കരുവഞ്ചാൽ ഇടവകയിലെ പെട്ടപ്പുഴ കുടുംബത്തിലെ നാലാമത്തെ കുട്ടിയുടെ മാമ്മോദീസായ്ക്കും രണ്ടാമത്തെ കുട്ടിയുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനും മുഖ്യകാർമികത്വം വഹിച്ചു

**MAY 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 09:30 am | - | Vestition of Regents, Thalassery |
| 02 | 10:00 am | - | Final Profession, Kothamangalam |
| 03 | 10:00 am | - | House Blessing, Velimanam |
| 04 | 10:00 am | - | Angels Meet and Holy Mass, Manikkadavu |
| | 04:30 pm | - | Holy Mass, Kaniyambetta |
| 05 | 10:30 am | - | Marriage: Ashish - Johny Ennambrayil, Ulickal |
| 06 | 10:30 am | - | Marriage, Thomattuchal |
| 07 | 10:30 am | - | Silver Jubilee MSMI Sisters, Nellikutty |
| 08 | 09:00 am | - | Angels Meet, Cherupuzha |
| 09 | 09:30 am | - | Angels Meet, Malom |
| | 04:30 pm | - | Baptism, Badiaduka |
| 11 | 03:30 pm | - | Padinjarekutt Family Yogam, Seethamount |
| 12 | 05:00 pm | - | Festal Mass, Irinjalakuda |
| 13 | 11:00 am | - | First Communion, Arakuzha |
| 14 | 10:30 am | - | First death Anniversary of Fr. Luke Njaralakattu, Holy Mass, Arakuzha |
| 15 | 10:30 am | - | Jubilee Celebration and First Communion, Dwaraka |
| 16 | 10:30 am | - | Marriage: Amal-Sibi Vettikal, Thonichal |
| | 06:30 pm | - | Samarpithasangamam, Nadavayal |
| 17 | 06:30 am | - | Holy Mass, Nadavayal |
| 18 | 09:00 am | - | Angels Meet, Marygiri |
| 19 | 09:00 am | - | First Communion, Mananthavady Cathedral |
| 21 | 10:30 am | - | Holy Mass, Ottathai |
| 23 | 09:00 am | - | Plakil Kudumbayogam, Angadikadavu |
| 27 | 11:00 am | - | First Communion Joshua Kunnel, Kalanky |
| 30 | 10:00 am | - | Jubilee, Deepagiri, |
| 31 | 05:00 pm | - | Holy Mass, Mananthavady Latin Church |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മാർച്ച് 2024

23 ചേറ്റംകുന്ന് എസ്.എ.ബി.എസ് ജോസ്ഗിരി കോൺവെന്റിൽ വിശ്രമ ജീവിതത്തിൽ ആയിരിക്കുന്ന സിസ്റ്റേഴ്സിനൊപ്പം ഓശാന ഞായറിനോടാനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി, തുടർന്ന് കിടപ്പിലായിരിക്കുന്ന സിസ്റ്റേഴ്സിനെ കണ്ട് പ്രാർത്ഥിച്ചു.

24 തലശ്ശേരി കത്തിഡ്രൽ ഇടവകയിൽ നാൽപതാം വെള്ളിയോടാനുബന്ധിച്ച് നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

25 ആലക്കോട് ഇടവകയിൽ വെച്ച് നടന്ന മൂറോൻ തൈലത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിലും തുടർന്നുണ്ടായിരുന്ന മീറ്റിംഗിലും പങ്കെടുത്തു. വൈകുന്നേരം കല്ലുമുതിരക്കുന്ന് ഇടവകയിൽ നിര്യാതനായ ബഹു. മാത്യു മുളയോലിൽ അച്ചന്റെ വത്സല പിതാവ് ശ്രീ. തോമസ് മുളയോലിലിന്റെ മൃതസംസ്കാര ശുശ്രുഷയുടെ ദൈവാലയത്തിൽവെച്ചുള്ള പ്രാർത്ഥനകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

28 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന പെസഹാ ദിനാചരണ ചടങ്ങുകളിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. പെസഹാദിനത്തോടനുബന്ധിച്ച് നടന്ന ആരാധനയിൽ പങ്കെടുത്ത ഇടവക ജനത്തോട് ചേർന്ന് പെസഹാ അപ്പം മുറിച്ചു. തുടർന്ന് തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ എത്തിച്ചേർന്ന് പെസഹാ അപ്പം മുറിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ശേഷം തലശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ച് നടന്ന അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കാളിയായി.

29 തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന ദുഃഖവെള്ളിയുടെ തിരുകർമ്മങ്ങളിൽ പങ്കാളിയായി. വൈകുന്നേരം കത്തീഡ്രൽ ഇടവകയിൽ നിന്ന് ആരംഭിച്ച കുരിശിന്റെ വഴിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

31 ഈസ്റ്ററിനോട് അനുബന്ധിച്ച് തലശ്ശേരി കത്തീഡ്രൽ ഇടവകയിൽ നടന്ന തിരുകർമ്മങ്ങളിൽ പങ്കെടുത്ത പ്രാർത്ഥിച്ചു.

### ഏപ്രിൽ 2024

01 ജോസ് മൗണ്ട് ഇടവകയിൽ തടത്തിൽ ഫെബിൻ തോണിക്കുഴി അമല എന്നിവരുടെ വിവാഹനിശ്ചയകർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ച് പ്രാർത്ഥിച്ചു. തുടർന്ന് മിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഡി.പി. ജോസിനെ സന്ദർശിച്ചു. ശേഷം ബേബി മെമ്മോറിയൽ ഹോസ്

പിറ്റലിൽ ചികിത്സയിൽ ആയിരിക്കുന്ന ബഹു. മാണി ആട്ടേൽ അച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

02 വൈകുന്നേരം ജാർഖണ്ഡിൽ വച്ച് മരണപ്പെട്ട പൈസക്കരി ഇടവകാംഗവും പ്രസന്റേഷൻ സഭാംഗവുമായ സി. സിജി മാത്യുവിന്റെ മൃതശരീരം സന്ദർശിക്കുകയും ചേവായൂർ ഉള്ള പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

03 പേരാവൂർ തിരുഹൃദയ സന്യാസിനി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന തിരുഹൃദയ സന്യാസി സമൂഹാഗവും തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗവുമായ സി. വിമല എസ്.എച്ച്-ന്റെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമികത്വം വഹിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം ചെമ്പന്തൊട്ടി ഇടവകയിൽ നിര്യാതയായ സി. ഗ്രേസി എഫ്.സി.സി-യുടെ പ്രിയ മാതാവ് ശ്രീമതി അന്നമ്മ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ മൂന്നാം ഭാഗത്തിന് മുഖ്യ കാർമികത്വം വഹിച്ചു പ്രാർത്ഥിച്ചു.

04 തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ പതിനെട്ടാം ചരമ വാർഷികത്തോട് അനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിലും ഓപ്പീസിലും പങ്കെടുത്ത് പ്രാർത്ഥിച്ചു.

05 വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് ഫെഡറേഷൻ പ്രൊവിൻസ് അംഗമായ സി. ആന്റണിയ കാഞ്ഞിരത്തുങ്കലിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് പ്രാർത്ഥിച്ചു.

06 തളിപ്പറമ്പ് ഇടവകയിൽ അഡ്വ. ജോർജ് മേച്ചേരിയുടെ മകൾ എലിസബത്തും ഇമ്മാനുവേലും തമ്മിലുള്ള വിവാഹവാഗ്ദാനത്തിന് കാർമികത്വം വഹിച്ചു. വൈകുന്നേരം കാലാങ്കി ഇടവകയിലെ തിരുനാളിന്റെ ആരംഭത്തിൽ പതാക ഉയർത്തുകയും തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. തുടർന്ന് മാട്ടറ ഇടവകയിൽ ബഹു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

07 ചെറുപുഴ ഇടവകയിൽ നടന്ന ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യ കാർമികത്വം വഹിച്ചു പ്രാർത്ഥിച്ചു. തുടർന്ന് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ സന്ദർശിച്ചു. തുടർന്ന് കരുവഞ്ചാലിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം ആലക്കോട് ഇടവകയിൽ ബിബിൻ ചൊറുക്കാവിലിന്റെയും മിന്നു ആനക്കല്ലിന്റെയും വിവാഹത്തിന് കാർമികത്വം വഹിച്ചു.

09 പാലാവയൽ ഇടവകയിൽ വച്ച് നടന്ന അന്നാ എൽസ ആൻസന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മിക്ത്വം വഹിച്ചു.

11 താമരശ്ശേരി രൂപതയിൽ നിര്യാതനായ ഫാ. ജോർജ് ആശാരിപ്പറമ്പിൽ അച്ചനെ സന്ദർശിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

12 പാലാവയൽ ഇടവകയിൽ നിര്യാതയായ ബഹു. സ്കറിയ ചക്കനാനിക്കൽ അച്ചന്റെ പ്രിയ മാതാവ് ശ്രീമതി മേരി സ്കറിയ ചക്കനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിൽവച്ചുള്ള കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് പ്രാർത്ഥിച്ചു.

13 രത്നഗിരി ഇടവകയിൽ വാഹനാപകടത്തിൽ മരിച്ച ജോബിറ്റ് വെണ്ണായിപള്ളിയുടെ (ഫാ. ജേക്കബ് വെണ്ണായിപള്ളിയുടെ ജേഷ്ഠന്റെ മകൻ) മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

15 പാലത്തുങ്കടവ് ഇടവകയിൽ ക്യാൻസർ മൂലം മരിച്ച ജോജി തെക്കുംപുറത്തിന്റെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. തുടർന്ന് പേരാവൂരിലെ എസ്.എച്ച് പ്രൊവിൻഷ്യലിൽ നിര്യാതയായ സി. ഫിലിപ്പ് നേരിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

17 പൊട്ടൻപ്ലവ് ഇടവകയിൽ വച്ച് മിഥുൻ മനയാനിക്കലിന്റെയും അലീന മുക്കുഴിയുടെയും വിവാഹത്തിന് മുഖ്യകാർമികത്വം വഹിച്ചു.

MAY 2024

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 01 | 10:00 am | - | Thalaseery Cathedral: Vestition of Regency Brothers |
| 02 | 09:00 am | - | Champakulam: Jubilee |
| 05 | 10:00 am | - | Kodancherry: Family Gathering |
| 07 | 09:30 am | - | Karunapuram: Angels Meet |
| 30 | 10:00 am | - | Deepagiri: Jubilee |

**Secretary to the Archbishop Emeritus**



## അഭിനന്ദനങ്ങൾ

വി. കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസിൽ നവസന്യാസിനിയായി 2024 ഏപ്രിൽ 06 ന് വ്രതവാഗ്ദാനം നടത്തിയ

**റവ സി സ്നേഹ മേരി SABS**

## അഭിനന്ദനങ്ങൾ

സിവിൽ സർവീസ് പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ ൯൩-ാം റാങ്ക് സ്വന്തമാക്കിയ തലശ്ശേരി അതിരൂപത കാർത്തികപുരം ഇടവകാംഗമായ

**ആനി ജോർജ് ഓലിക്കുന്നേൽ**



RNI Reg. No. 5910 Date of Publication: 28/04/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 05 വില : ₹10

# മെയ് 19 പന്തക്കുസ്താത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.